
ദാദാ ഭഗവാൻ

വിവരിച്ചിരിക്കുന്നതുപോലെ

# എങ്ങും ഇണങ്ങിപ്പോകുക



എല്ലാവരുമായും ഇണങ്ങിച്ചേർന്ന് പോകുക,

അതാണ് ഏറ്റവും വലിയ മതം

Malayalam

ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# എങ്ങും ഇണങ്ങിപ്പോകുക

മൂല രൂപം ഗുജറാത്തിയിലാണ്.

അതിന്റെ  ഇംഗ്ലീഷ് വിവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.

ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, June 2021

**Price :** Ultimate Humility (leads to Universal oneness) and Awareness of "I Don't Know Anything"
Rs.: 20.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

# ത്രിമന്ത്രം






**നമോ വീതരാഗായ**

**നമോ അരിഹന്താണം**

**നമോ സിദ്ധാണം**

**നമോ ആയരിയാണം**

**നമോ ഉവ്വജ്ജായാണം**

**നമോ ലോ യേ സവ്വ സാഹുണം**

**എസോ പഞ്ച നമുക്കാരോ**

**സവ്വ പാവാപ്പനാസണോ**

**മംഗളാണം ച സവ്വേശിം**

**പഠമം ഹവായ് മംഗളം**

**ഓം നമോ ഭഗവതേ വാസുദേവായ**

**ഓം നമഃ ശിവായ**

**ജയ് സത് ചിദാനന്ദ്.**





## ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബെഞ്ചിലിരിക്കെ, ***ദാദാഭഗവാൻ*** അംബാലാൽ മൂൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി വെളിപ്പെട്ടു. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിവാക്കി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് വെളിവായി. ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം? എന്നു തുടങ്ങിയ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ വൈകുന്നേരം അദ്ദേഹത്തിന് ലഭിച്ചത്, വെറും രണ്ടു മണിക്കൂർ കൊണ്ട്, തന്റെ ***ജ്ഞാനവിധി*** എന്ന നൈസർഗ്ഗികമായ ശാസ്ത്രീയ പരീക്ഷണത്തിലൂടെ, അദ്ദേഹം മറ്റുള്ളവർക്ക് നല്കി! ഇത് ***അക്രം മാർഗ്ഗം*** എന്ന് അറിയപ്പെടുന്നു. തുടർച്ചയായി പടികൾ ഒന്നൊന്നായി കയറിപ്പോകുന്ന മാർഗ്ഗമാണ് ക്രം. അക്രം പടികളില്ലാത്ത എളുപ്പവഴിയാണ്, ഒരു ലിഫ്ററിലെന്ന പോലെ പെട്ടന്ന് ഉയർത്തുന്ന മാർഗ്ഗമാണ്!

അദ്ദേഹം സ്വയം ദാദാ ഭഗവാൻ ആരാണ് എന്ന് വിശദീകരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ മുന്നിൽ ദൃശ്യനായിരിക്കുന്ന ആൾ ***ദാദാ ഭഗവാൻ*** അല്ല. ഞാൻ ജ്ഞാനീപുരുഷനാണ്. എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ഭഗവാനാണ് ***ദാദാ ഭഗവാൻ.*** അദ്ദേഹം പതിനാലു ലോകങ്ങളുടേയും ഭഗവാനാണ്. അദ്ദേഹം നിങ്ങൾക്കുള്ളിലുമുണ്ട്, എല്ലാവരുടെ ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങൾക്കുള്ളിൽ പ്രകടമാകാതെ ഇരിക്കുന്നു, അതേ സമയം ഇവിടെ (എ.എം.പട്ടേലിനകത്ത്) അദ്ദേഹം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു! ഞാൻ, സ്വയം ദൈവമല്ല (ഭഗവാനല്ല); എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ***ദാദാ ഭഗവാനെ*** ഞാനും വണങ്ങുന്നു."

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മ ജ്ഞാനത്തിനു ശേഷം, ആയിര കണക്കിന് ആത്മീയ അന്വേഷകർ ബന്ധന മുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തര വാദിത്തങ്ങൾ നിറവേറ്റുന്നതിന് ഇടക്കു തന്നെ ആത്മ അനുഭവത്തിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നു.

# വിവർത്തകക്കുറിപ്പ്

ദാദാശ്രീ അല്ലെങ്കിൽ ദാദാ അല്ലെങ്കിൽ ദാദാജി എന്ന് അറിയപ്പെടുന്ന ജ്ഞാനി പുരുഷ് അംബലാൽ എം.പട്ടേൽ, സയൻസ് ഓഫ് സെൽഫ്-റിയലൈസേഷൻ, ലൗകിക ഇടപെടലിന്റെ കല എന്നിവയെ കുറിച്ചുള്ള തന്റെ സത്സംഗത്തെ ഇംഗ്ലീഷിലേക്ക് കൃത്യമായി വിവർത്തനം ചെയ്യാൻ കഴിയില്ല എന്ന് പറയും ആയിരുന്നു. അന്വേഷകനെ അറിയിക്കേണ്ട അർത്ഥത്തിന്റെ ആഴവും ഉദ്ദേശ്യവും നഷ്ടപ്പെടും. തന്റെ പഠിപ്പിക്കലുകൾ എല്ലാം കൃത്യമായി മനസ്സിൽ ആക്കാൻ ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു

അങ്ങനെയാണെങ്കിലും തന്റെ വാക്കുകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം അനുഗ്രഹം നല്കിയിട്ടുണ്ട്. അങ്ങനെ ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ നേട്ടമുണ്ടാക്കാനും പിന്നീട് സ്വന്തം പരിശ്രമത്തിലൂടെ മുന്നേറാനും സാധിക്കും. ഈ ശാസ്ത്രത്തിന്റെ അസാധാരണ ശക്തികളെ കുറിച്ച് ലോകം വിസ്മയപ്പെടുന്ന ഒരു ദിവസം വരുമെന്നും അദ്ദേഹം പറഞ്ഞു.

ജ്ഞാനിപുരുഷനായ ദാദാശ്രീയുടെ ഉപദേശങ്ങളുടെ സാരാംശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഉള്ള എളിയ ശ്രമമാണ് ഇത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സ്വരവും സന്ദേശവും സംരക്ഷിക്കാൻ വളരെ അധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കൃതികളുടെ അക്ഷരീയ വിവർത്തനമല്ല. നിരവധി വ്യക്തികൾ ഈ ഉല്പ്പന്നത്തിനായി ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുണ്ട്, ഞങ്ങൾ എല്ലാവരോടും നന്ദി ഉള്ളവരായി തുടരുന്നു

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വിശാലമായ പുതിയ നിധിയുടെ പ്രാഥമിക ആമുഖം ആണ് ഇത്. വിവർത്തനത്തിൽ വരുത്തിയ പിശകുകൾ പൂർണ്ണമായും വിവർത്തകരുടെത് ആണെന്ന കാര്യം ശ്രദ്ധിക്കുക. ഞങ്ങൾ അവർക്കായി മാപ്പ് അഭ്യർത്ഥിക്കുന്നു

## ആമുഖം

മറ്റുള്ളവരും ആയി ഒത്തു പോകാൻ നാം പഠിക്കുന്നതു വരെ തുടര്ച്ചയായി നമ്മുടെ ജീവിതത്തിൽ സംഘര്ഷങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. യഥാര്ത്ഥ തിരിച്ചറിവുലൂടെയാണ് ഈ ഒത്തു പോകൽ സാദ്ധ്യമാകുന്നത്. നമ്മുടെ ആഗ്രഹങ്ങള്ക്കു വിപരീതമായി ലോകം നമ്മെ ഒത്തു പോകാൻ നിർബന്ധിതം ആക്കുമ്പോൾ ജീവിതം അവസാനം ബുദ്ധി മുട്ടായി മാറുന്നു. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, നമുക്ക് ഒത്തു പോകേണ്ടി വരും. യഥാര്ത്ഥ തിരിച്ചു അറിവിലൂടെ, നമുക്ക് സംഘർഷം ഒഴിവാക്കി ജീവിതം ശാന്തിയുള്ളതും സന്തോഷം ഉള്ളതും ആക്കിത്തീർക്കാൻ കഴിയും. ജീവിതം നിരന്തരമായ ഒത്തു പോകലല്ലാതെ മറ്റൊന്നുമല്ല. ജനനം മുതൽ മരണം വരെ നിങ്ങള്ക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തേണ്ടി വരും. നിങ്ങൾ പഠിപ്പ് രസിച്ചാലുമില്ലെങ്കിലും, നിങ്ങള്ക്ക് അഡ്ജസ്റ്റ് ചെയ്തു പഠിക്കേണ്ടി വരും. അതുപോലെ വിവാഹജീവിതത്തിലും, ആരംഭത്തിൽ സന്തോഷാവും. പക്ഷെ, പിന്നീട് സംഘര്ഷങ്ങൾ മൂലം ഭാര്യയോ ഭര്ത്താവോ അഡ്ജസ്റ്റ് ചെയ്യേണ്ടി വരുന്നു. ഈ സംഘര്ഷങ്ങളെല്ലാം അവരുടെ പ്രകൃതി അനുസരിച്ചുള്ള വ്യത്യാസങ്ങൾ മൂലമുണ്ടാകുന്ന സ്വാഭാവികമായ ഫലങ്ങൾ മാത്രമാണ്. ജീവിതകാലം മുഴുവൻ പരസ്പരം അഡ്ജസ്റ്റ് ചെയ്തു ജീവിക്കാൻ കഴിവുള്ള ഭാഗ്യവാന്മാർ ഇക്കാലത്ത് എത്ര പേർ ഉണ്ടാവും? രാമനും സീതക്കും ഇടയിലും ധാരാളം അഡ്ജസ്റ്റ്മെന്റുകൾ ഉണ്ടായിരുന്നില്ലേ? ഗര്ഭിണി ആയിരിക്കെ കാട്ടിൽ അയക്കപെട്ടപ്പോൾ, സീത എത്ര മാത്രം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടാവും എന്നാലോചിച്ചു നോക്കൂ.

മാതാപിതാക്കള്ക്കും കുട്ടികള്ക്കുമിടയിലും മുന്നോട്ടുള്ള ഓരോ കാല്വെപ്പിലും ഒത്തു പോകലുകളുണ്ട്. നാം തിരിച്ചറിവോടെ അഡ്ജസ്റ്റ് ചെയ്യുകയാണെങ്കിൽ, നമുക്ക് സമാധാനമുണ്ടാവും, മാത്രമല്ല, പുതിയ കര്മ്മങ്ങൾ ബന്ധിപ്പിക്കപ്പെടുകയുമില്ല. നമുക്കു ചുറ്റുമുള്ളവരോടെല്ലാം നാം അഡ്ജസ്റ്റ് ചെയ്യാൻ തയ്യാറായില്ലെങ്കിൽ ,

നാം പ്രശ്നങ്ങൾ  സൃഷ്ടിക്കുകയോ ക്ഷണിച്ചുവരുത്തുകയോ ആണ്. "Adjust everywhere" (എങ്ങും ഇണങ്ങിപ്പോകുക) എന്ന ഈ താക്കോൽ ജ ീവിതത്തിലെ എല്ലാ വാതിലുകളും തുറക്കാൻ ഉതകുന്നതാണ്.  ജ്ഞാനീപുരുഷനായ ദാദാശ്രീയുടെ "Adjust Everywhere" "എങ്ങും ഇണങ്ങിപ്പോകുക" എന്ന സുവര്ണ്ണപ്രമാണം നാം ജീവിതത്തിൽ  ഉപയോഗപ്പെടുത്തുകയും പ്രയോഗിക്കുകയും ചെയ്യുകയാണെങ്കിൽ  നിത്യജീവിതം മനോഹരമായിത്തീരും.

**ഡോ. നീരുബെൻ അമീൻ**

# എങ്ങും ഇണങ്ങിപ്പോകുക
# (Adjust Everywhere)

## (1) ഈ ഫ്രെയ്സ് ദഹിപ്പിക്കുക

**ചോദ്യകർത്താവ്:** എനിക്ക് ജീവിതത്തിൽ ശാന്തി വേണം.

**ദാദാശ്രീ:** നിങ്ങൾ ജീവിതത്തിൽ ഒരൊറ്റ ഫ്രെയ്സ് സ്വീകരിക്കാൻ തയ്യാറാവുമോ? അത് വേണ്ട വിധത്തിൽ കൃത്യമായി മനസ്സിലാക്കാമോ?

**ചോദ്യകർത്താവ്:** ശരി.

**ദാദാശ്രീ:** "Adjust Everywhere'' (എങ്ങും ഇണങ്ങിപ്പോകുക) എന്ന ഫ്രെയ്സ് നിങ്ങളുടെ ജീവിതവും ആയി കൂട്ടി ഇണക്കുക. സമാധാനം താനെ വന്നു ചേരും. ആദ്യം അഞ്ചോ ആറോ മാസം നിങ്ങൾക്ക് വിഷമങ്ങൾ അനുഭവ പെട്ടേക്കാം. അത് കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള പ്രതികരണങ്ങൾ മൂലമാണ്. പിന്നീട് സമാധാനം നിങ്ങളുടേത് ആയിരിക്കും. അതു കൊണ്ട് എങ്ങും ഇണങ്ങി പോകുക. ഈ ഭീകരമായ കലിയുഗ കാല ഘട്ടത്തിൽ, നിങ്ങൾ ഇണങ്ങി ചേരുന്നതിൽ പരാജിതർ ആയാൽ, നിങ്ങൾ നശിച്ചു പോകും. നിങ്ങൾ ലോക ജീവിതത്തിൽ നിന്നും ഒന്നും തന്നെ പഠിച്ചില്ല എങ്കിലും ഒന്നും ഇല്ല. പക്ഷെ അഡ്ജസ്റ്റ് ചെയ്യാൻ പഠിക്കേണ്ടത് അത്യാവശ്യം ആണ്. നിങ്ങളോട് തെറ്റായ രീതിയിൽ അഡ്ജസ്റ്റ് ചെയ്യുന്നവരോട് ശരിയായ രീതിയിൽ അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞാൽ നിങ്ങൾക്ക് എല്ലാ ബുദ്ധിമുട്ടുകളിലൂടെയും തുഴഞ്ഞു കയറാം. മറ്റുള്ളവരും ആയി അഡ്ജസ്റ്റ് ചെയ്യാൻ കഴിയുന്ന ആള്ക്ക് കഷ്ടപ്പെടേണ്ടി വരില്ല. Adjust Everywhere. എങ്ങും ഇണങ്ങി പോകുക. എല്ലാ മനുഷ്യരും ആയും ഇണങ്ങി പോകുക എന്നതാണ് ഏറ്റവും ഉയര്ന്ന മതം. നമ്മുടെ ഈ കാല ഘട്ടത്തിൽ

പല പ്രകൃതിയിൽ ഉള്ള ആളുകൾ ഉണ്ട് (വ്യത്യസ്ത വ്യക്തിത്വങ്ങൾ, സ്വഭാവ സവിശേഷതകൾ, മനോ ഭാവങ്ങൾ എന്നിവ ഉള്ളവർ). അഡ്ജസ്റ്റ് ചെയ്യാതെ നിങ്ങൾക്ക് എങ്ങനെ നില നിന്നു പോകാൻ ആവും?

## (2) തടസ്സമാവുകയല്ല, ഇണങ്ങിപ്പോവുക മാത്രമാണ് വേണ്ടത്

ജീവിതം നിരന്തരം മാറി കൊണ്ട് ഇരിക്കുക ആണ്. അതു കൊണ്ട് ഈ മാറ്റങ്ങളോട് ഒരാൾ ഇണങ്ങി പോകേണ്ടതുണ്ട്. മുതിർന്നവർ അവരുടെ പഴഞ്ചൻ രീതികളിൽ ഒട്ടി പിടിച്ച് നിൽക്കുന്നു. അവർ സമയത്തിന് അനുസരിച്ച് അഡ്ജസ്റ്റ് ചെയ്യണം. അല്ലെങ്കിൽ കഷ്ട പാടുകളിൽ പെട്ട് മരിക്കേണ്ടി വരും. നിങ്ങൾ ജീവിക്കുന്ന കാലത്തിന് അനുസരിച്ച് ഉള്ള അഡ്ജസ്റ്റ്മെന്റുകൾ നിങ്ങൾ നടത്തണം. ഞാൻ എല്ലാവരോടും അഡ്ജസ്റ്റ് ചെയ്തു പോകുന്നു, കള്ളനോടോ പോക്കറ്റടി കാരനോടോ പോലും എനിക്ക് അഡ്ജസ്റ്റ് ചെയ്തു പോകാൻ കഴിയുന്നു. ഞാൻ സംസാരിക്കുന്ന രീതിയിൽ നിന്നും ഞാനൊരു ദയാലുവാണ് എന്ന് കള്ളന് ബോധ്യപ്പെടും. അവൻ തെറ്റുകാരൻ ആണെന്ന് ഞാൻ ഒരിക്കലും അവനോട് പറയുകയില്ല. അവൻ അവന്റെ കാഴ്ചപ്പാട് അനുസരിച്ച് പ്രവർത്തിക്കുന്നു എന്നു മാത്രമേ ഉള്ളൂ. ജനങ്ങൾ പൊതുവിൽ കള്ളനു നേരെ കുറ്റ വാക്കുകൾ ചൊരിയുകയും അവനെ ഒന്നിനും കൊള്ളാത്തവൻ എന്ന് മുദ്ര കുത്തുകയും ചെയ്യും. നിങ്ങൾ വക്കീലന്മാരെ കുറിച്ച് ചിന്തിച്ചു നോക്കൂ. അവർ നുണയന്മാർ അല്ലേ? വഞ്ചന നിറഞ്ഞ കേസുകൾ പോലും അവർ വാദിച്ചു ജയിക്കുന്നു. അവർ അങ്ങനെ ചെയ്യുമ്പോൾ അവരും വഞ്ചകർ അല്ലേ? ആളുകൾ കള്ളന്മാരെ ചതിയന്മാരെന്നു പറയുന്നു. വക്കീലന്മാർ അവരുടെ ചതികളെ സത്യമെന്നു പറയുന്നു. ഇത്തരം ആളുകളെ നിങ്ങൾ എങ്ങനെ വിശ്വസിക്കും? എന്ന് ഇരുന്നാലും അവർ എല്ലാവരും നില നിന്നു പോകുന്നുണ്ട്. ഇല്ലേ? ഞാൻ ആരോടും പറയില്ല അവർ തെറ്റുകാർ ആണ് എന്ന്. അവരുടെ കാഴ്ചപ്പാടിൽ അവർ ചെയ്യുന്നത് ശരിയാണ്. ഞാൻ വസ്തുതകൾ വിശദീകരിച്ച് തെറ്റായ വൃത്തികളുടെ

അനന്തര ഫലങ്ങൾ എന്ത് ആയിരിക്കും എന്ന് അവർക്ക് സൂചന നല്കും. സാധാരണ വയസ്സായ ആളുകൾ ഒരു വീട്ടിൽ പ്രവേശിച്ചാൽ എല്ലാ തരത്തിൽ ഉള്ള അഭിപ്രായങ്ങളും വിമർശനങ്ങളും നടത്തും, അവരുടെ സ്റ്റീരിയോ പോലെയുള്ള വസ്തുക്കളെ കുറിച്ചു പോലും. അവർ വേണ്ടാത്ത ഇടത്തെല്ലാം തല ഇടുന്നവരും തടസ്സം ചെയ്യുന്നവരും ആണ്. ചെറുപ്പ കാരുടെ തലമുറയും ആയി സൗഹാർദ്ദത്തിൽ കഴിയാൻ ശ്രമിച്ചാൽ എന്താണ്?

കാലം മാറുകയാണ്. അപ്പോൾ യുവ തലമുറയിൽ ഉള്ളവർ ഈ സൗകര്യങ്ങൾ ഉപയോഗിക്കരുത് എന്ന് എങ്ങനെ ശഠിക്കാൻ ആവും? പുതിയത് ആയി എന്തെങ്കിലും കണ്ടാൽ ഉടനെ അവർ അത് ആഗ്രഹിക്കുകയായി. പുതുതായി ഒന്നും ഇല്ലെങ്കിൽ, പിന്നെ എന്തിനു വേണ്ടിയാണ് അവർ ജീവിക്കുക. ഇതു പോലെയുള്ള പുതിയ കാര്യങ്ങൾ വന്നും പോയ്ക്കൊണ്ടും ഇരിക്കും. നിങ്ങൾ അവരുടെ കാര്യങ്ങളിൽ ഇടങ്കോൽ ഇടരുത്. നിങ്ങൾക്ക് അത് അനുയോജ്യം അല്ലെങ്കിൽ നിങ്ങൾ അത് ഉപയോഗിക്കേണ്ടത് ഇല്ല. ഈ ഐസ് ക്രീം നിങ്ങളോട് അതിൽ നിന്നും ഓടി പോകാൻ പറയുന്നില്ല. നിങ്ങൾക്ക് വേണ്ടെങ്കിൽ നിങ്ങൾ അത് തിന്നണ്ട. എന്നാൽ വയസ്സന്മാർ അതിനെ എല്ലാം എതിർത്തു കൊണ്ടിരിക്കും. ഈ അഭിപ്രായ വ്യത്യാസങ്ങൾ എല്ലാം മാറി കൊണ്ടിരിക്കുന്ന കാലത്തിന്റെ പ്രത്യേകതയാണ്. കാലത്തിന് അനുസരിച്ച് ഈ ചെറുപ്പക്കാർ പ്രവർത്തിച്ചു കൊണ്ടിരിക്കും. പുതിയ വസ്തുക്കൾ നിലവിൽ വരുമ്പോൾ, പുതിയതിനും പുതുമ ഉള്ളതിനും വേണ്ടി ഉണ്ടാകുന്ന അടക്കാൻ ആവാത്ത ആഗ്രഹം ഉണ്ടാകുന്നത് ആണ് മോഹം. ചെറുപ്പം മുതൽ തന്നെ, ഈ ലോകം ശരിയായ ദിശയിൽ ആണോ തെറ്റായ ദിശയിൽ ആണോ നീങ്ങുന്നത് എന്ന് ഞാൻ ആഴത്തിൽ അന്വേഷിച്ചിരുന്നു. ആർക്കും ഈ ലോകത്തെ മാറ്റാനുള്ള ശക്തിയില്ല എന്നു ഞാൻ കണ്ടെത്തി. അതു കൊണ്ട് ഏവരും സമയത്തിനു അനുസരിച്ച് സ്വയം അഡ്ജസ്റ്റ് ചെയ്യണം. നിങ്ങളുടെ മകൻ ഒരു പുതിയ തരം തൊപ്പി ധരിച്ചു കൊണ്ട് വീട്ടിൽ വന്നാൽ, ദേഷ്യത്തിൽ അവനോട്, “നിനക്കു ഇത് എവിടെ നിന്നു കിട്ടി?”

എന്നു ചോദിക്കരുത്. അതിനു പകരം, സാഹചര്യത്തോട് ഇണങ്ങി ദയയോടെ, ‘‘നിന്റെ ഈ മനോഹരമായ തൊപ്പി എവിടന്നു കിട്ടി, മോനെ? ഇതിനു നല്ല വില വന്നോ?’’ എന്നു ചോദിക്കണം. അങ്ങനെ ആണ് അഡ്ജസ്റ്റ് ചെയ്യേണ്ടത്.

നമ്മുടെ മതം, അസൗകര്യത്തിൽ സൗകര്യം കണ്ടെത്തണം എന്ന് പ്രഖ്യാപിക്കുന്നു. ഉദാഹരണത്തിന്, ഒരു രാത്രി എനിക്കു തോന്നി ബെഡ്ഷീറ്റ് വൃത്തികേട് ആണെന്ന്. അപ്പോൾ ഞാൻ മനസ്സു കൊണ്ട് ഒരു അഡ്ജസ്റ്റ്മെന്റ് നടത്തി. എങ്കിലും ഇത് വളരെ മൃദുലം ആണെന്ന്. അങ്ങനെ എനിക്കത് വളരെ സുഖകരമായി തോന്നാൻ തുടങ്ങി. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവാണ് നമ്മളെ കൊണ്ട് അസൗകര്യങ്ങൾ അറിയാൻ ഇട വരുത്തുന്നത്.

## (3) മനസ്സിന്ന് ഇണങ്ങാത്തവരും ആയി ഇണങ്ങിപ്പോകൽ

ഒരു അഴുക്കു ചാൽ ദുർഗന്ധം പുറത്തു വിടുമ്പോൾ, നാം ആക്ഷേപം പറയാറുണ്ടോ? നെഗറ്റീവും ഇഷ്ടപ്പെടാൻ ആവാത്തവരും ആയ ആളുകൾ എല്ലാം അഴുക്കു ചാലുകൾ ആണ്. നല്ലത് അല്ലാത്ത മണങ്ങൾ ഉള്ളതിനെ എല്ലാം നാം അഴുക്കു ചാലുകൾ എന്നു പറയും. നല്ല മണം ഉള്ളതിനെ എല്ലാം പൂക്കൾ എന്നും. രണ്ടും നാം അഡ്ജസ്റ്റ് ചെയ്യണം. അവ രണ്ടും നമ്മോടു പറയുന്നു, ‘‘ഞങ്ങളോട് വീതരാഗി ആയി (അടുപ്പവും അകൽച്ചയും ഇല്ലാതെ - രാഗ ദ്വേഷങ്ങൾ ഇല്ലാതെ) പെരുമാറൂ ’’ എന്ന്.

നിങ്ങൾ നിങ്ങളുടെ "നല്ലത്, ചീത്ത" എന്നിങ്ങനെ ഉള്ള അഭിപ്രായങ്ങൾ മൂലമാണ് കഷ്ടപ്പെടുന്നത്. നിങ്ങൾ അവ നിയന്ത്രിക്കണം. നാം എന്തെങ്കിലും നല്ലതാണ് എന്നു പറയുമ്പോൾ മറ്റു ചിലത് ചീത്തയായി തീരും. അവ ശല്യമാവാൻ തുടങ്ങും. നാം നല്ലത്, ചീത്ത എന്നിങ്ങനെ ഉള്ള അഭിപ്രായങ്ങൾക്കു മേലെ ഉയരുക

ആണെങ്കിൽ കഷ്ടപ്പാടുകൾ ഒന്നും തന്നെ ഉണ്ടാവുകയില്ല. എങ്ങും ഇണങ്ങി പോകുക "Adjust Everywhere" എന്നത് എന്റെ കണ്ടുപിടിത്തം ആണ്. ആളുകൾ എന്തു തന്നെ പറഞ്ഞാലും, അത് സത്യം ആയാലും അല്ലെങ്കിലും, നാം അഡ്ജസ്റ്റ് ചെയ്യണം. എനിക്കൊരു വിവരവും ഇല്ല എന്ന് ഒരാൾ എന്നെ കുറിച്ച് പറയുക ആണെങ്കിൽ, ഞാൻ ഉടനെ അഡ്ജസ്റ്റ് ചെയ്തുകൊണ്ട് പറയും, "നിങ്ങൾ പറഞ്ഞത് ശരിയാണ്. ഞാൻ എന്നും ഒരല്പം സ്ലൊ ആണ്. ഇപ്പോൾ നിങ്ങൾക്കത് മനസ്സിലായി. എനിക്കത് കുട്ടിക്കാലം മുതൽ അറിയാം." നിങ്ങൾ ഇങ്ങനെ പ്രതികരിച്ചാൽ, നിങ്ങൾക്ക് സംഘർഷം ഒഴിവാക്കാം. അവർ പിന്നെ നിങ്ങളെ ശല്യം ചെയ്യുകയില്ല. നിങ്ങൾ അഡ്ജസ്റ്റ് ചെയ്യാൻ തയ്യാർ അല്ലെങ്കിൽ, നിങ്ങൾ എന്നാണ് "നിങ്ങളുടെ വീട്ടിൽ" (മോക്ഷം നേടുക, അതായത് ജനന മരണ ചക്രത്തിൽ നിന്നും മുക്തൻ ആകുക) എത്തുക?

## (4) ഭാര്യയുമായി ഇണങ്ങിപ്പോകൽ

**ചോദ്യകർത്താവ്:** എങ്ങനെ ആണ് എനിക്ക് എന്റെ ഭാര്യയുമായി ഇണങ്ങി പോകാൻ ആവുക? ഞാൻ അവളും ആയി വാക്കു തർക്കങ്ങൾ ഉണ്ടാവാറുണ്ട്. ദയവായി എനിക്ക് വിശദീകരിച്ചുതരു.

**ദാദാശ്രീ:** നിങ്ങൾ ജോലി തിരക്കു കൊണ്ട് വീട്ടിൽ എത്താൻ വൈകുന്നു. അതുകൊണ്ട് ഭാര്യ ക്ഷോഭിക്കുന്നു. അവൾ അവളുടെ ഇഷ്ടക്കേട് ഉറക്കെ പ്രകടിപ്പിക്കും, "നിങ്ങൾ വൈകി. എനിക്കിനി ഇത് സഹിക്കാൻ ആവില്ല." അവൾക്ക് ദേഷ്യം വന്നിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ പറയണം, "അതെ, ഡിയർ. നീ പറഞ്ഞത് ശരിയാണ്. നീ എന്നോട് തിരിച്ചു പോകാൻ പറയുക ആണെങ്കിൽ ഞാൻ പോകാം. അകത്ത് ഇരിക്കാൻ പറയുക ആണെങ്കിൽ അകത്തിരിക്കാം." അപ്പോൾ അവൾ പറയാതിരിക്കില്ല. "വേണ്ട, പോകണ്ട. കുറച്ച് ഇരുന്ന് വിശ്രമിക്കൂ." പിന്നെ നിങ്ങൾക്കു പറയാം.

‘‘നീ പറയുക ആണെങ്കിൽ ഞാൻ അത്താഴം കഴിക്കാം. അല്ലെങ്കിൽ ഞാൻ ഉറങ്ങാം.’’ അതിനും അവൾ മറുപടി പറയും, ‘‘വേണ്ട. അത്താഴം കഴിക്കൂ.’’ ഇതാണ് അഡ്ജസ്റ്റ്മെന്റ്. രാവിലെ നിങ്ങൾക്ക് ഒരു കപ്പ് ചൂടു ചായ കിട്ടും. നിങ്ങൾ കോപിച്ചിരുന്നെങ്കിൽ, അവളും താളം തെറ്റിയ പോലെ പ്രതികരിച്ചേനെ. രാവിലെ ദേഷ്യത്തിൽ ചായക്കപ്പ് നിങ്ങൾക്കു മുന്നിലേക്ക് തള്ളി വെക്കുകയും ചെയ്യും. അടുത്ത മൂന്നു ദിവസം അവളുടെ പിണക്കം തുടരുകയും ചെയ്യും.

## (5) കിച്ചരി കഴിക്കുക, അല്ലെങ്കിൽ പിസ്സ കഴിക്കുക

അഡ്ജസ്റ്റ് ചെയ്യാൻ അറിയില്ല എങ്കിൽ ഒരാൾ എന്താണ് ചെയ്യുക? ഭാര്യയും ആയി വഴക്ക് അടിക്കണോ?

**ചോദ്യകർത്താവ്:** അതെ.

**ദാദാശ്രീ:** അങ്ങനെ ആണോ? ഭാര്യയോട് വഴക്കു കൂടിയിട്ട് നിങ്ങൾക്ക് എന്താണ് നേട്ടം? അവൾ ഇപ്പോൾ തന്നെ നിങ്ങളുടെ സ്വത്ത് പങ്കു വെക്കുന്നവൾ ആണ്.

**ചോദ്യകർത്താവ്:** ഭർത്താവിന് ഗുലാബ് ജാമുൻ തിന്നണം. പക്ഷെ ഭാര്യ കിച്ചരി (അരിയും എള്ളും ചേർത്തു ഉണ്ടാക്കുന്ന ഗുജറാത്തി ഭക്ഷണം) ഉണ്ടാക്കുന്നു. അതുകൊണ്ട് അവർ വഴക്കുകൂടുന്നു.

**ദാദാശ്രീ:** വഴക്കിനു ശേഷം അയാൾക്ക് ഗുലാബ് ജാമുൻ കിട്ടുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അയാൾക്ക് വേറൊരു വഴിയും ഉണ്ടാവില്ല. കിച്ചരി തന്നെ തിന്നേണ്ടി വരും.

**ചോദ്യകർത്താവ്:** അതിനു പകരം അയാൾ ഒരു പിസ്സ ഓർഡർ ചെയ്യും.

**ദാദാശ്രീ:** അങ്ങനെ ആണോ? അതായത്, അയാൾക്ക് രണ്ടും നഷ്ടമാകുന്നു. എന്തായാലും അയാൾക്ക് മധുര പലഹാരം കിട്ടാൻ പോകുന്നില്ല. പകരം അയാൾക്ക് പിസ്സ കൊണ്ട് തൃപ്തി പെടേണ്ടിയും വരും. അയാൾ ആകെ ചെയ്യേണ്ടി ഇരുന്നത് അവൾക്ക് സൗകര്യ പ്രദമായത് തയ്യാറാക്കാൻ പറയുകയാണ്. അവൾക്കും തിന്നേണ്ടത് ആണല്ലോ. അപ്പോൾ അവൾ പറയും അയാൾക്ക് വേണ്ടത് എന്താണെങ്കിൽ ഉണ്ടാക്കി തരാം എന്ന്. അപ്പോൾ അയാൾക്ക് പറയാം, ഗുലാബ് ജാമുൻ തിന്നാൻ ആഗ്രഹം ഉണ്ടെന്ന്. തുടക്കത്തിലേ അയാൾ ഗുലാബ് ജാമുൻ വേണ്ടി വാശി പിടിച്ചാൽ, അവൾ വഴക്കു കൂടി കിച്ചരി ഉണ്ടാക്കും.

**ചോദ്യകർത്താവ്:** ഈ അഭിപ്രായ വ്യത്യാസങ്ങൾ ഇല്ലാതാക്കാൻ എന്ത് നിര്ദ്ദേശമാണ് അങ്ങേക്ക് നല്കാനുള്ളത്?

**ദാദാശ്രീ:** ഞാൻ നിങ്ങള്ക്കൊരു വഴി കാണിച്ചു തരികയാണ്. അഡ്ജസ്റ്റ് എവരിവെയർ. അവൾ കിച്ചരി ഉണ്ടാക്കി എന്നു പറഞ്ഞാൽ നിങ്ങളതിനോട് അഡ്ജസ്റ്റ് ചെയ്യണം. നിങ്ങൾ സത്സംഗത്തിനു പോകണമെന്നു മറ്റൊരു സന്ദര്ഭത്തിൽ പറഞ്ഞാൽ അവൾ നിങ്ങളുമായി അഡ്ജസ്റ്റ് ചെയ്യണം. ആദ്യം പറയുന്ന ആളോട് രണ്ടാമത്തെ ആൾ അഡ്ജസ്റ്റ് ചെയ്യണം.

**ചോദ്യകർത്താവ്:** അപ്പോൾ ദാദാജി, ആരാണ് ആദ്യം സംസാരിക്കുന്നത് എന്ന കാര്യത്തിൽ അവർ വഴക്കടിക്കില്ലേ?

**ദാദാശ്രീ:** ഉവ്വ്. വഴക്കും ആയി മുന്നോട്ടു പൊക്കോളൂ. എന്നാലും മറ്റെ ആളുമായി അഡ്ജസ്റ്റ് ചെയ്യുക. കാരണം കാര്യങ്ങൾ നിങ്ങളുടെ നിയന്ത്രണത്തിൽ അല്ല. എനിക്കറിയാം ആരാണ് ഇതൊക്കെ നിയന്ത്രിക്കുന്നത് എന്ന്. അതുകൊണ്ട് നിങ്ങൾക്ക് ഇവിടെ അഡ്ജസ്റ്റ് ചെയ്യാൻ വല്ല പ്രശ്നവും ഉണ്ടോ?

**ചോദ്യകർത്താവ്:** ഇല്ല. ഒട്ടുമില്ല.

**ദാദാശ്രീ:** (ഭാര്യയോട്) നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ, ഇക്കാര്യത്തിൽ?

**ചോദ്യകർത്താവ്:** ഇല്ല.

**ദാദാശ്രീ:** പിന്നെ എന്താണ്, പ്രശ്നം പരിഹരിച്ചു കൂടെ? എങ്ങും ഇണങ്ങി പോകുക. അതിൽ എന്തെങ്കിലും പ്രശ്നം ഉണ്ടോ?

**ചോദ്യകർത്താവ്:** ഒന്നുമില്ല.

**ദാദാശ്രീ:** അവൻ നിന്നോട് ഉള്ളി മൊരിച്ചതും, ലഡ്ഡുവും, പച്ചക്കറികളും ഒക്കെയായി ഒരു നല്ല ഭക്ഷണം ഉണ്ടാക്കി തരാൻ ആദ്യം ആവശ്യപ്പെട്ടാൽ, നിങ്ങൾ അതിനു അനുസരിച്ച് അഡ്ജസ്റ്റ് ചെയ്യണം. നിങ്ങൾ ക്ഷീണിച്ചിരിക്കുന്നു, നേരത്തെ കിടക്കണം എന്നു നിങ്ങൾ പറഞ്ഞാൽ, ഒരു കൂട്ടുകാരനെ കാണേണ്ടത് ഉണ്ടെങ്കിലും, അത് മാറ്റി വെച്ച് അവൻ അഡ്ജസ്റ്റ് ചെയ്യണം. നിങ്ങൾക്കു നിങ്ങളുടെ കൂട്ടുകാരനെ പിന്നീട് കൈകാര്യം ചെയ്യാം. എന്നാൽ നിങ്ങൾ പരസ്പരം ഒരു വഴക്കും ഉണ്ടാക്കരുത്. കൂട്ടുകാരനുമായി നല്ല ബന്ധം പുലർത്താൻ നിങ്ങൾ വീട്ടിൽ പ്രശ്നങ്ങൾ ഉണ്ടാക്കും. അത് അങ്ങനെ ആവാൻ പാടില്ല. അതുകൊണ്ട്, അവൾ ആദ്യം പറഞ്ഞാൽ, നിങ്ങൾ അഡ്ജസ്റ്റ് ചെയ്യണം.

**ചോദ്യകർത്താവ്:** അവന് എട്ടു മണിക്ക് ഒരു അര്ജന്റ് മീറ്റിങ്ങുണ്ട്. എന്നാൽ അവൾ നേരത്തെ ഉറങ്ങണമെന്ന് ശഠിക്കുന്നു എന്നു കരുതുക. അവൻ എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** നിങ്ങൾ ഇങ്ങനെ ഊഹാപോഹങ്ങൾ നടത്തരുത്. പ്രകൃതിയുടെ നിയമം എന്താണ് എന്നു വെച്ചാൽ, 'മനസ്സ് ഉണ്ടെങ്കിൽ വഴിയും ഉണ്ട്' എന്നതാണ്. നിങ്ങൾ ഇങ്ങനെ ഊഹങ്ങൾ

നടത്തിയാൽ കാര്യം വഷള് ആവുകയേ ഉള്ളു. കഴിഞ്ഞ ദിവസം അവൾ സ്വയം നിങ്ങളെ പോകാൻ പ്രോത്സാഹിപ്പിക്കുക ആയിരുന്നു. അവൾ കാറിനടുത്തേക്ക് നിങ്ങളോട് ഒപ്പം നടക്കുക പോലും ചെയ്തു. ഇത്തരം സങ്കല്പങ്ങൾ മൂലമാണ് എല്ലാം നശിക്കാൻ ഇട വരുന്നത്. അതുകൊണ്ടാണ് ആരോ പറഞ്ഞത് "വേണമെങ്കിൽ വഴിയും ഉണ്ടാവും'' എന്ന്. നിങ്ങൾക്ക് മനസ്സിൽ ആയോ? നിങ്ങൾ ഈ അഡ്ജസ്റ്റിങ്ങിന്റെ നിർദ്ദേശം സ്വീകരിക്കാൻ തയ്യാറുണ്ടോ?

**ചോദ്യകർത്താവ്:** ഉണ്ട്.

**ദാദാശ്രീ:** നന്നായി, എങ്കിൽ എനിക്കൊരു വാക്കു തരൂ. ഗംഭീരം! ഗംഭീരം! ഇതാണ് ധൈര്യം. നീ വാക്കു തന്നിരിക്കുന്നു!

## (6) ഭക്ഷണസമയത്ത് അഡ്ജസ്റ്റ്മെന്റ്

മാതൃകാ പരമായ നിത്യ ജീവിത വ്യവഹാരത്തിന്റ അർത്ഥം അഡ്ജസ്റ്റ് എവരിവെയർ എന്നതാണ്. ഈ അമൂല്യമായ സമയം ആത്മീയ പുരോഗതിക്ക് ഉള്ളതാണ്. അഭിപ്രായ വ്യത്യാസങ്ങൾ സൃഷ്ടിക്കരുത്. ഞാൻ നിങ്ങൾക്ക് ഈ വാക്കുകൾ നല്കുന്നു, Adjust Everywhere! Adjust! Adjust! Adjust! (എങ്ങും ഇണങ്ങിപ്പോകുക! ഇണങ്ങിപ്പോകുക! ഇണങ്ങിപ്പോകുക!) കധി (മോരിൽ നിന്നു ഉണ്ടാക്കുന്ന ചൂടു സൂപ്പ്) കൂടുതൽ ഉപ്പുള്ളതാണ് എങ്കിൽ, നിങ്ങൾ ദാദാ അഡ്ജസ്റ്റിങ്ങിനെ കുറിച്ച് പറഞ്ഞ കാര്യങ്ങൾ ഓർമ്മിക്കണം. അതിൽ ഒരല്പം കഴിക്കു. വേണമെങ്കിൽ ഒരല്പം അച്ചാറ് ചോദിക്കാം. പക്ഷെ വഴക്കു കൂടരുത്. വീട്ടിൽ ഒരു സംഘർഷവും ഉണ്ടാക്കരുത്. ജീവിതത്തിലെ കഠിന സാഹചര്യങ്ങളിൽ, അഡ്ജസ്റ്റ്മെന്റുകൾ ഒരുമ കൊണ്ടു വരും. നിങ്ങൾക്ക് അത് ഇഷ്ടം ഇല്ലെങ്കിലും എങ്ങനേയും അതു സ്വീകരിക്കുക.

## (7) നിങ്ങള്ക്കത് ഇഷ്ടമായില്ല എങ്കിലും സ്വീകരിക്കുക.

നിങ്ങളോട് മിസ്അഡ്ജസ്റ്റ് ചെയ്യുന്ന ആളോടു തന്നെ അഡ്ജസ്റ്റ് ചെയ്യണം. നിത്യ ജീവിതത്തിൽ അമ്മായിയമ്മയും മരുമകളുമായി മാൽ അഡ്ജസ്റ്റ്മെന്റ് ഉണ്ടാവുക ആണെങ്കിൽ, അധാര്മ്മികമായ ഈ ലോക ജീവിത ചക്രത്തിൽ നിന്നും മോചനം ആഗ്രഹിക്കുന്ന ആളു വേണം അഡ്ജസ്റ്റ് ചെയ്യാൻ. ഭാര്യാ ഭര്ത്താക്കന്മാർക്ക് ഇടയിലായാലും. ഒരാൾ എല്ലാം കീറി മുറിക്കുക ആണെങ്കിൽ, മറ്റെ ആൾ എല്ലാം തുന്നിച്ചേര്ക്കണം. ഒരു ബന്ധം സമാധാനത്തോടെ നില നിര്ത്തണമെങ്കിൽ ഈ ഒരു മാര്ഗ്ഗം മാത്രമെ ഉള്ളൂ. നിങ്ങള്ക്ക് അഡ്ജസ്റ്റ് ചെയ്യാൻ അറിയില്ലെങ്കിൽ ആളുകൾ നിങ്ങളെ ഭ്രാന്തനായി കണക്കാക്കും. ഈ ആപേക്ഷിക ലോകത്ത് നിങ്ങളുടെ കാഴ്ചപ്പാടാണ് ശരി എന്ന് പിടിവാശി നടത്തേണ്ട കാര്യമില്ല. നിങ്ങള്ക്ക് ഒരു കള്ളനോടു പോലും അഡ്ജസ്റ്റ് ചെയ്യാൻ കഴിയണം.

## (8) അവളെ നന്നാക്കണോ അതോ അവളോട് അഡ്ജസ്റ്റ് ചെയ്യണോ?

എല്ലാ സാഹചര്യങ്ങളിലും നിങ്ങൾ മറ്റെ ആളോട് അഡ്ജസ്റ്റ് ചെയ്യുക ആണെങ്കിൽ ജീവിതം എത്ര മനോഹരം ആയിരിക്കും! എന്തൊക്കെ ആയാലും, നാം ചാവുമ്പോൾ എന്താണ് കൂടെ കൊണ്ടു പോകുക? ''ഞാനവളെ നേരെയാക്കും.'' അവൻ പറയുന്നു. നിങ്ങൾ അവളെ നേരെയാക്കാൻ ശ്രമിച്ചാൽ , നിങ്ങൾ സ്വയം വളഞ്ഞു പോകും. നിങ്ങളുടെ ഭാര്യയെ നന്നാക്കാൻ ശ്രമിക്കരുത്. അവളെ അങ്ങനെത്തന്നെ സ്വീകരിക്കുക. ജന്മ - ജന്മാന്തരങ്ങൾ ആയി അവളുമായി സ്ഥിരമായ ബന്ധം ആണ് എങ്കിൽ, അതു വേറെ കാര്യം. അടുത്ത ജന്മത്തിൽ അവൾ എവിടെ ആയിരിക്കും എന്ന് ആർക്ക് അറിയാം. നിങ്ങൾ രണ്ടു പേരും രണ്ടു സമയത്ത് ആയിരിക്കും മരിക്കാൻ പോകുന്നത്. നിങ്ങളുടെ കർമ്മം വ്യത്യസ്തമാണ്. ഈ

ജന്മത്തിൽ നിങ്ങൾക്ക് അവളെ നന്നാക്കാൻ കഴിഞ്ഞാലും അടുത്ത ജന്മത്തിൽ അവൾ വേറെ ആളുടെ ഭാര്യ ആയിരിക്കും.

അതുകൊണ്ട് അവളെ നന്നാക്കാൻ ശ്രമിക്കരുത്. അവളും നിങ്ങളെ നന്നാക്കാൻ ശ്രമിക്കരുത്. അവൾ എന്തു തന്നെയായാലും, അവൾ സ്വർണ്ണം പോലെ സുന്ദരമാണ്. നിങ്ങളെത്ര തന്നെ ശ്രമിച്ചാലും നിങ്ങൾക്ക് മറ്റൊരാളുടെ പ്രകൃതി ഒരിക്കലും മാറ്റാൻ ആവില്ല. ഒരു നായുടെ വാൽ എത്ര തന്നെ ശ്രമിച്ചാലും വളഞ്ഞു തന്നെയിരിക്കും. അതുകൊണ്ട് സൂക്ഷിക്കുക. അവളെന്താണോ, അതു തന്നെയായിരിക്കട്ടെ. അഡ്ജസ്റ്റ് എവരിവെയർ.

## (9) ഭാര്യ ഒരു കൗണ്ടര്‍വെയ്റ്റ് ആണ്

**ചോദ്യകർത്താവ്:** ഞാൻ ശരിക്കും എന്റെ ഭാര്യയോട് അഡ്ജസ്റ്റ് ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ എനിക്കു സാധിക്കുന്നില്ല.

**ദാദാശ്രീ:** എല്ലാം മുൻ എക്കൗണ്ടുകൾ അനുസരിച്ചാണ് സംഭവിക്കുന്നത്. എല്ലാം വെറും നട്ടുകളുടെയും ബോൾട്ടുകളുടെയും കാര്യമാണ്. പരസ്പരം മേച്ചുചെയ്താലേ യോജിച്ചിരിക്കുകയുള്ളൂ. ചെരിഞ്ഞ ചുറ്റുകളുള്ള ഒരു ബോൾട്ടിന് നെരെയുള്ള ഒരു നട്ട് നിങ്ങൾക്ക് ഉപയോഗിക്കാൻ ആവില്ല. നിങ്ങൾ വിചാരിക്കും,? ''എന്താണ് സ്ത്രീകൾ ഇങ്ങനെ?'' എന്ന്. സ്ത്രീകൾ നിങ്ങളുടെ കൗണ്ടർ വെയിറ്റ് ആണ്. അവർ നിങ്ങളുടെ സഹായികളാണ്. അവരുടെ പിടിവാശി നിങ്ങളുടെ തെറ്റിന് ആനുപാതികമാണ്. ഞാനത് കാണുന്നു, അതുകൊണ്ടാണ് എല്ലാം വ്യവസ്ഥിതമാണെന്ന് (Scientific Circumstantial Evidence) ഞാൻ പറയുന്നത്.

**ചോദ്യകർത്താവ്:** എല്ലാവരും എന്നെ നേരെ ആക്കാൻ വന്ന് ഇരിക്കുന്നതു പോലെ എനിക്കു തോന്നുന്നു.

**ദാദാശ്രീ:** നിങ്ങൾ നേരെയാവണം. ഇല്ലെങ്കിൽ എങ്ങനെയാണ് നിങ്ങളുടെ ലോകം പ്രവർത്തിക്കുക? നിങ്ങൾ നേരെയായില്ല എങ്കിൽ, നിങ്ങൾ ഒരു നല്ല പിതാവ് ആയിരിക്കുക ഇല്ല. സ്ത്രീകൾ മാറുന്ന തരത്തിൽ ഉള്ളവർ അല്ല. അതുകൊണ്ട് നിങ്ങൾ വേണം മാറാൻ. അവരുടെ ജന്മ പ്രകൃതി അവരെ അഡ്ജസ്റ്റ് ചെയ്യുന്നതിൽ നിന്നും തടയുന്നു. അവർ മാറാൻ സാധ്യതയില്ല.

എന്താണ് ഒരു ഭാര്യ?

**ചോദ്യകർത്താവ്:** അങ്ങു പറഞ്ഞു തരൂ, ദാദാ.

**ദാദാശ്രീ:** "ഭാര്യ പുരുഷന്റെ കൌണ്ടർ വെയിറ്റ് ആണ്." ആ കൌണ്ടർ വെയിറ്റ് ഇല്ലെങ്കിൽ പുരുഷൻ വീണു പോകും.

**ചോദ്യകർത്താവ്:** എനിക്കു മനസ്സിൽ ആയില്ല. ദയവായി വിശദീകരിച്ചു തരൂ.

**ദാദാശ്രീ:** എൻജിനുകളിൽ കൗണ്ടർ വെയ്റ്റുകൾ പിടിപ്പിക്കും. ഈ കൗണ്ടർ വെയ്റ്റുകൾ ഇല്ലെങ്കിൽ എൻജിൻ തകർന്നു പോകും. അതുപോലെ പുരുഷന്റെ കൗണ്ടർ വെയ്റ്റാണ് സ്ത്രീ. ഭർത്താവിനെ സ്ഥിരമായി നില നിർത്താൻ ഭാര്യ ഇല്ലെങ്കിൽ അയാൾ വീണു പോകും. ഒരു ഗുണവും ഇല്ലാതെ അയാൾ അങ്ങും ഇങ്ങും ഓടി നടക്കും. ഭാര്യ ഉള്ളതുകൊണ്ട് ആണ് അയാൾ വീട്ടിൽ വരുന്നത്. അല്ലെങ്കിൽ വരുമോ?

**ചോദ്യകർത്താവ്:** ഇല്ല, വരില്ല.

**ദാദാശ്രീ:** അവളാണ് അവന്റെ കൗണ്ടര്വെയ്റ്റ്.

## (10) എല്ലാ സംഘര്ഷങ്ങളും അവസാനം തീരും

**ചോദ്യകർത്താവ്:** രാവിലത്തെ സംഘര്ഷം ഞങ്ങൾ ഉച്ചക്ക് മറക്കും. പക്ഷെ വൈകുന്നേരം പുതിയതൊന്ന് ഉയര്ന്നു വരും.

**ദാദാശ്രീ:** ഈ സംഘർഷങ്ങള്ക്ക് പിറകിൽ പ്രവർത്തിക്കുന്ന ശക്തി എന്ത് ആണെന്ന് എനിക്ക് അറിയാം. അവൾ വഴക്കാളി ആകുമ്പോൾ എന്തു ശക്തിയാണ് പ്രവർത്തിക്കുന്നത് എന്ന് ഞാന് അറിയുന്നു. ഒരു സംഘർഷത്തിൽ നാം പല കാര്യങ്ങളും പറയുന്നു. പിന്നെ നാം അഡ്ജസ്റ്റ് ചെയ്യുന്നു. ജ്ഞാനം (ആത്മാവിനെ കുറിച്ച് ഉള്ള അറിവ്) നേടിയ ഒരാൾക്ക് ഇത് എളുപ്പം മനസ്സിൽ ആവും. ഈ ജ്ഞാനം സ്വീകരിക്കാത്ത അവർ ഈ ലോകത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടി വരും. കാരണം അവസാനം എല്ലാ സംഘർഷങ്ങളും അവസാനിക്കുക തന്നെ ചെയ്യും. ഏതെങ്കിലും സംഘർഷം അവസാനിക്കാതെ തുടരുക ആണ് എങ്കിൽ അതിൽ ഉൾപ്പെടുന്ന എല്ലാവരും കഷ്ടപ്പെടേണ്ടി വരും. നിങ്ങൾ സ്വയം മുറിവ് ഉണ്ടാക്കുകയും മറ്റുള്ളവരെ മുറിവ് ഏല്പിക്കുകയും ചെയ്യുന്നു.

## (11) പ്രാര്ത്ഥനയിലൂടെ അഡ്ജസ്റ്റ്മെന്റ്

**ചോദ്യകർത്താവ്:** മറ്റെ ആൾ മനസ്സിൽ ആക്കുന്നതിനു വേണ്ടി ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അതിനു ശേഷം എല്ലാം അയാളുടെ കാര്യം മാത്രം അല്ലെ?

**ദാദാശ്രീ:** നിങ്ങളുടെ ഉത്തര വാദിത്തം, കാര്യം അയാൾക്ക് വിവരിച്ചു കൊടുക്കുക എന്നതാണ്. എന്നിട്ടും അയാൾക്ക് മനസ്സിൽ ആകുന്നില്ള എങ്കിൽ, പിന്നെ അതിനൊരു ഒരു പരിഹാരവും ഇല്ല. അപ്പോൾ പിന്നെ നിങ്ങൾക്ക് ഇത്രയും മാത്രമെ പറയാൻ ഉള്ളു, : "ദാദാ ഭഗവാൻ! (ആ വ്യക്തിയുടെ ഉള്ളിൽ ഉള്ള ഭഗവാനെ സംബോധന ചെയ്യുക) അവന് മനസ്സിൽ ആക്കാനുള്ള പ്രകാശം നല്കിയാലും." ഇത്രയെങ്കിലും നിങ്ങൾ ചെയ്യണം. നിങ്ങൾ അയാളെ

അങ്ങനെ ഒരു പ്രതിസന്ധിയിൽ വിട്ടിട്ടു പോകരുത്. ഇത് നിർണ്ണായകം ആണ്. ഇതാണ് ദാദായുടെ അഡ്ജസ്റ്റ്മെന്റിന്റെ ശാസ്ത്രം. ഇത് അമൂല്യമാണ്. തീർച്ചയായും അഡ്ജസ്റ്റ് ചെയ്യാൻ ഉള്ള കഴിവ് ഇല്ലായ്മ നിങ്ങൾ അനുഭവിക്കുന്നുണ്ടാവും. 'ഇണങ്ങി പോകാതെ ഇരിക്കൽ' (Disadjustment) വിഡ്ഢിത്തം ആണ്. ഒരു ഭർത്താവ് എന്ന നിലക്ക് തന്റെ ആധികാരികത നിറവേറ്റാൻ കഴിയുന്നില്ല എന്ന് ഒരാളക്ക് തോന്നാൻ തുടങ്ങുമ്പോൾ, അവിടെ അയാളുടെ തകർച്ച ആരംഭിക്കുന്നു. അവന്റെ ജീവിതം ശോചനീയം ആയിരിക്കും. കാര്യങ്ങൾ അതു നടക്കും പോലെ നടക്കട്ടെ. ''നിങ്ങൾ ഒരു വിഡ്ഢിയാണ്'' എന്നു ഭാര്യ പറഞ്ഞാൽ, ''നീ പറഞ്ഞത് ശരിയാണ്'' എന്ന് നിങ്ങൾ പറയണം.

## (12) വിഷമം ഉള്ളവരും ആയി അഡ്ജസ്റ്റ് ചെയ്യുക

**ചോദ്യകർത്താവ്:** ഏക ദിശയിൽ മാത്രം ഉള്ള അഡ്ജസ്റ്റമെന്റുകൾ ഈ ലോകത്തിൽ സാധ്യം അല്ല. ശരി അല്ലേ?

**ദാദാശ്രീ:** മാതൃകാ പരമായ ലോക ജീവിതത്തിന്റെ നിർവ്വചനം തന്നെ അഡ്ജസ്റ്റ്മെന്റാണ്. അയൽക്കാർ പോലും അതു ശ്രദ്ധിച്ചു കൊണ്ടു പറയും, ''ഈ വീട്ടിൽ ഒഴികെ എവിടേയും സംഘർഷം ആണ്! '' നിങ്ങളുടെ ശക്തികൾ വർദ്ധിപ്പിക്കേണ്ടതുണ്ട്, പ്രത്യേകിച്ചും നിങ്ങൾക്ക് സഹകരിച്ചു പോകാൻ ആവാത്തവരും ആയി. നിങ്ങൾക്കു സഹകരിച്ചു പോകാൻ കഴിയുന്നവരിൽ ഈ ശക്തിയുണ്ട്. അഡ്ജസ്റ്റ് ചെയ്യാൻ കഴിയാതെ ഇരിക്കുന്നത് ദൗർബ്ബല്യം ആണ്. എനിക്ക് എന്തു കൊണ്ട് എല്ലാവരും ആയി സഹകരിച്ചു പോകാൻ കഴിയുന്നു? എത്ര നിങ്ങൾ അഡ്ജസ്റ്റ് ചെയ്യുമോ, അത്രയും നിങ്ങളുടെ ശക്തികൾ വർദ്ധിക്കും, നിങ്ങളുടെ ദൗർബ്ബല്യങ്ങൾ കുറഞ്ഞു വരും. എല്ലാ തെറ്റായ അറിവുകളും തകർന്നാലെ ശരിയായ തിരിച്ചറിവ് നില നിൽക്കുക ഉള്ളൂ.

സത്സ്വഭാവികളും വഴക്കം ഉള്ളവരും ആയ ആളുകളും ആയി ആർക്കും എളുപ്പം ഒത്തു ചേർന്നു പോകാൻ ആവും. എന്നാൽ ബുദ്ധിമുട്ടുള്ളവരും, പിടി വാശിക്കാരും, പരുക്കനും ആയ ആളുകളും ആയി ഒത്തു ചേർന്നു പോകാൻ കഴിഞ്ഞാൽ, നിങ്ങൾ ശരിക്കും എന്തൊക്കെയോ നേടി എന്നു പറയാൻ ആവും. ഒരാൾ എത്ര ലജ്ജാശീലനും ശക്തനും ആയാലും, മനസ്സിന്റെ നിയന്ത്രണം പോകാതെ നിങ്ങൾക്ക് അഡ്ജസ്റ്റ് ചെയ്യാൻ കഴിയും എങ്കിൽ, അത് വളരെ ഗുണകരം ആണ്. ദേഷ്യം വരുന്നത് ഒന്നിനും കൊള്ളാത്ത കാര്യമാണ്. ഈ ലോകത്തിൽ ഒന്നും നിങ്ങൾക്ക് അനുകൂലം ആയിരിക്കുക ഇല്ല. എന്നാൽ നിങ്ങൾ അതിനോട് യോജിച്ചു പോയാൽ ഈ ലോകം വളരെ നല്ലത് ആയിരിക്കും. ലോകത്തെ നിങ്ങൾക്ക് അനുകൂലം ആക്കാൻ നോക്കിയാൽ അത് വളഞ്ഞത് ആയിരിക്കും. ***അഡ്ജസ്റ്റ് എവരിവെയർ . എങ്ങും ഇണങ്ങിപ്പോകുക.*** നിങ്ങൾ അതിനോട് യോജിച്ചു പോയാൽ പ്രശ്നങ്ങൾ ഒന്നുമുണ്ടാവില്ല.

## (13) "നിയമം നോക്കരുത്, ഒത്തുതീര്പ്പിലെത്തുക മാത്രം ചെയ്യുക"

അഡ്ജസ്റ്റ് ചെയ്യാൻ തയ്യാർ അല്ലാത്തവരോടു പോലും ജ്ഞാനി അഡ്ജസ്റ്റ് ചെയ്യും. ജ്ഞാനീപുരുഷനെ നിരീക്ഷിക്കുകയാണ് എങ്കിൽ, എല്ലാ തരം അഡ്ജസ്റ്റുമെന്റുകളും നടത്താൻ നിങ്ങൾക്ക് പഠിക്കാം. ജ്ഞാനത്തിനു പിറകിൽ ഉള്ള ശാസ്ത്രം നിങ്ങളെ വീതരാഗി ആവാൻ സഹായിക്കും. രാഗത്തിൽ നിന്നും ദ്വേഷത്തിൽ നിന്നും (അടുപ്പവും അകൽച്ചയും) മോചനം എന്നാണ് അതിന് അർത്ഥം. നിങ്ങളുടെ കഷ്ടപ്പാടുകൾക്കു കാരണം ഇപ്പോഴും നിങ്ങൾക്ക് ഉള്ളിൽ നില നിൽക്കുന്ന രാഗ-ദ്വേഷങ്ങൾ ആണ്. ലൗകിക വ്യവഹാരങ്ങളിൽ ഉദാസീനനും താല്പര്യ രഹിതനും ആയാൽ നിങ്ങൾ ഒന്നിനും കൊള്ളാത്തവൻ ആയി മുദ്ര കുത്തപ്പെടും. ഏറ്റവും ശാഠ്യക്കാരനും സമ്മതനും അല്ലാത്ത ആളെപ്പോലും ബോദ്ധ്യപ്പെടുത്താൻ നമുക്കു കഴിയണം. റെയിൽവേ സ്റ്റേഷനിൽ

നമുക്ക് ഒരു പോർട്ടറെ ആവശ്യം വരികയും, അയാൾ കൂലിയെ കുറിച്ച് വഴക്കിടുകയും ചെയ്താൽ, കുറച്ചു കൂടുതൽ പൈസ കൊടുത്ത് നമുക്ക് അത് പരിഹരിക്കണം. ഇല്ലെങ്കിൽ, നാം ലഗ്ഗേജ് സ്വയം ചുമക്കേണ്ടി വരും.

"നിയമം നോക്കരുത്, ദയവായി സെറ്റിൽ ചെയ്യുക". മറ്റെ ആളോട് സെറ്റിൽ ചെയ്യാനും അഡ്ജസ്റ്റ് ചെയ്യാനും പറയാനും നമുക്ക് സമയം എവിടെയാണ്? മറ്റെ ആൾ നൂറു കണക്കിന് തെറ്റുകൾ വരുത്തിയാലും, അതെല്ലാം നിങ്ങളുടേത് ആണെന്നു കണക്കാക്കി മുന്നോട്ടു പോവുക. ഈ കാലത്ത്, ന്യായം അന്വേഷിക്കാൻ എവിടെയാണ് സ്ഥലം? ഇത് ചീത്ത കാലമാണ്. എങ്ങും അലങ്കോല പെട്ടു കിടക്കുകയാണ്. ജനങ്ങൾക്ക് എന്തു ചെയ്യണം എന്ന് അറിയുന്നില്ല. വീട്ടിൽ എത്തിയാൽ ഭാര്യ അലറുന്നു, കുട്ടികൾ പിണങ്ങുന്നു. ജോലി സ്ഥലത്ത് മുതലാളി വഴക്കു പറയുന്നു. ഭൂമിക്ക് അടിയിലൂടെ ഉള്ള സബ് വേകളിൽ ജനക്കൂട്ടം അയാളെ തള്ളുന്നു. ഒരിടത്തും സമാധാനമില്ല. എല്ലാവർക്കും സമാധാനം വേണം. ഒരാൾ വഴക്കിനു തയ്യാറായാൽ, നാം ദയയോടെ ചിന്തിക്കണം, "ദൈവമേ, അയാൾ വളരെ അസ്വസ്ഥൻ ആണ് എന്നു തോന്നുന്നു. അതാണ് അയാൾ വഴക്കിന് ഒരുങ്ങുന്നത്. " അസ്വസ്ഥർ ആകുന്നവർ ദുർബ്ബലർ ആണ്.

## (14) കുറ്റപ്പെടുത്തരുത്, അഡ്ജസ്റ്റ് ചെയ്യൂ.

വീട്ടിലും ഒരാൾക്ക് അറിഞ്ഞ് ഇരിക്കണം, എങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എന്ന്. സത്സംഗത്തിൽ നിന്ന് വൈകി വന്നാൽ, അവൾ എന്തു പറയും? "നിങ്ങൾ സമയത്തിന്റെ കാര്യത്തിൽ ഒന്നു കണ്ണു വെക്കണം." വീട്ടിൽ ഒരല്പം നേരത്തെ വരുന്നതു കൊണ്ട് എന്താണ് തെറ്റ്? പാടത്ത് കാളയെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്ന് കണ്ടിട്ടുണ്ടോ? കാള നീങ്ങുന്നില്ല എങ്കിൽ, അറ്റത്ത് ആണിയുള്ള ഒരു വലിയ വടി കൊണ്ട് അതിനെ കുത്തും. കാള

ശരിയായി നീങ്ങുക ആണെങ്കിൽ, അവനെ വേദനിപ്പിക്കില്ല. ആ മൂക ജീവിക്ക് മറ്റെന്തു ചെയ്യാൻ കഴിയും? ആരോട് ആണ് അത് സങ്കടം പറയുക?

ആളുകളോടാണ് ഇങ്ങനെ ചെയ്യുന്നത് എങ്കിൽ, മറ്റുള്ളവർ അവരുടെ രക്ഷക്ക് എത്തും. പക്ഷെ ആ പാവം മൃഗം ആരോട് സങ്കടം പറയാൻ ആണ്? എന്തിനാണ് ഒരു ഭർത്താവ് ഇങ്ങനെ കഷ്ടപ്പെടുന്നത്? കഴിഞ്ഞ ജന്മത്തിലെ അയാളുടെ പ്രവൃത്തികളുടെ ഫലമാണ് ഇത്. കഴിഞ്ഞ ജന്മത്തിൽ അയാൾ, വളരെ അധികം, മറ്റുള്ളവരെ കുറ്റം പറഞ്ഞിട്ടുണ്ട്. ആ സമയത്ത്, കാളയെ തെളിക്കുന്നവനെ പോലെ, അയാൾക്ക് അധികാരം ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് അധികാരം ഇല്ല, അതുകൊണ്ട് ആക്ഷേപം ഒന്നും കൂടാതെ എല്ലാം അഡ്ജസ്റ്റ് ചെയ്യുക. അതു കൊണ്ട് ഈ ജീവിതത്തിൽ പ്ലസ്-മൈനസ് ചെയ്യുക (പഴയ എക്കൗണ്ടുകൾ സെറ്റിൽ ചെയ്യുക എന്നതിന് ദാദാജി ഉപയോഗിക്കുന്ന വാക്കുകൾ). ആരേയും ഒരിക്കലും കുറ്റം പറയാതിരിക്കുന്നതാണ് നല്ലത്. നിങ്ങൾ മറ്റുള്ളവരിൽ കുറ്റം ആരോപിക്കുന്നവൻ ആയാൽ, നിങ്ങളിലും കുറ്റ ആരോപണം ഉണ്ടാവും. നമുക്ക് ഇതിന്റെ ഒരു പങ്കും ആവശ്യമില്ല. ആരെങ്കിലും നിങ്ങളെ പരിഹസിച്ചാൽ, അത് സ്വീകരിക്കുക. അത് നിങ്ങളുടെ ക്രെഡിറ്റിൽ വരവു വെക്കുക. ഇതിനെ കുറിച്ച് എന്തു തോന്നുന്നു? കുറ്റപ്പെടുത്തുന്നവൻ ആകുന്നത് നല്ലതാണോ? എന്തു കൊണ്ട് തുടക്കം മുതലേ അഡ്ജസ്റ്റ് ചെയ്തു കൂടാ?

## (15) എന്തെങ്കിലും തെറ്റ് പറയുന്നതിനുള്ള പരിഹാരം

നിത്യ ജീവിത വ്യവഹാരങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നത് ആണ് ജ്ഞാനം. അഡ്ജസ്റ്റ് ചെയ്യുക. അഡ്ജസ്റ്റ് ചെയ്യാൻ ശ്രമിച്ച് പരാജയ പെട്ടാൽ, വീണ്ടും അഡ്ജസ്റ്റ് ചെയ്യുക. ഉദാഹരണത്തിന് നിങ്ങൾ വേദനിപ്പിക്കുന്ന എന്തെങ്കിലും പറഞ്ഞു എന്നു കരുതുക. നിങ്ങളുടെ ആ പ്രവൃത്തി നിങ്ങളുടെ നിയന്ത്രണത്തിൽ ആയിരുന്നില്ല. പിന്നീട് നിങ്ങളുടെ തെറ്റിനെ കുറിച്ച് നിങ്ങൾക്ക് ബോധം വരുന്നു. പൊതുവെ, അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ അഡ്ജസ്റ്റ് ചെയ്യാറില്ല.

ഇന്നു മുതൽ, “ചങ്ങാതി, എന്റെ തെറ്റിന് മാപ്പു നൽകുക. ആ സമയത്ത് ഞാൻ നിങ്ങളെ വാക്കുകൾ കൊണ്ട് വേദനിപ്പിച്ചു” എന്നു പറഞ്ഞു കൊണ്ട് അഡ്ജസ്റ്റ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുക. അതാണ് അഡ്ജസ്റ്റ്മെന്റ്. ഈ രീതിയോട് നിങ്ങൾക്ക് എന്തെങ്കിലും എതിർപ്പ് ഉണ്ടോ?

**ചോദ്യകർത്താവ്:** അതെന്തായാലും ഒന്നുമില്ല.

## (16) എവിടെയും അഡ്ജസ്റ്റ് ചെയ്യാന് കഴിയും

**ചോദ്യകർത്താവ്:** പലപ്പോഴും ഞങ്ങൾക്ക് ഒരേ സമയം രണ്ടു പേരോട് ഒരേ കാര്യത്തിന് അഡ്ജസ്റ്റ് ചെയ്യേണ്ടി വരും. രണ്ടും ഒരുമിച്ച് ഒരേ സമയം എങ്ങനെയാണ് കൈകാര്യം ചെയ്യുക?

**ദാദാശ്രീ:** നിങ്ങൾക്ക് രണ്ടും കൈകാര്യം ചെയ്യാൻ പറ്റും. ഏഴു പേർ ഒരുമിച്ച് ആയാലും നിങ്ങൾക്ക് അഡ്ജസ്റ്റ് ചെയ്യാനാവും. “നിങ്ങൾ എന്നോട് എന്താണു ചെയ്തത്?” എന്നൊരാൾ ചോദിച്ചാൽ, നിങ്ങളുടെ മറുപടി "നിങ്ങൾക്കു വേണ്ടത് ഞാൻ ചെയ്യാം” എന്ന് ആയിരിക്കും. മറ്റെ ആളോടും നിങ്ങൾ അങ്ങനെ തന്നെ പറയും. വ്യവസ്ഥിതിക്കു പുറത്ത് ഒന്നും തന്നെ സംഭവിക്കുകയില്ല. സംഘർഷം ഉണ്ടാക്കേണ്ട കാര്യമില്ല. അഡ്ജസ്റ്റ്മെന്റാണ് താക്കോൽ. ’ശരി’ എന്നു പറയുന്നതിൽ ആണ് മോക്ഷം. നിങ്ങൾ ഏഴു പേരോട് ’ശരി’ എന്നു പറഞ്ഞാലും വ്യവസ്ഥിതിക്കു പുറത്ത് എന്തെങ്കിലും സംഭവിക്കാൻ പോകുന്നുണ്ടോ? നിങ്ങൾ ആരോട് എങ്കിലും ’ഇല്ല’ എന്നു പറഞ്ഞാൽ. അവിടെ പ്രശ്നങ്ങൾ ഉണ്ടാവും.

ഭർത്താവും ഭാര്യയും അഡ്ജസ്റ്റ് ചെയ്യാൻ ഉറച്ചു തീരുമാനിച്ചാൽ, അവർ പരിഹാരം കണ്ടെത്തും. ഒരാൾ പിടിവാശി കാണിച്ചാൽ മറ്റെ ആൾ കീഴടങ്ങി അഡ്ജസ്റ്റ് ചെയ്യണം. നിങ്ങൾ അഡ്ജസ്റ്റ് ചെയ്തില്ല എങ്കിൽ, നിങ്ങൾക്ക് ഭ്രാന്തു പിടിക്കും. മറ്റുള്ളവരിൽ നിന്നും തുടർച്ച

ആയുള്ള ക്ലേശം ഉണ്ടാകുമ്പോൾ ആണ് ഭ്രാന്ത് ഉണ്ടാകുന്നത്. നിങ്ങൾ ഒരു നായയെ ഒന്നോ, രണ്ടോ, മൂന്നോ പ്രാവശ്യം പ്രകോപിപ്പിച്ചാലും അതൊന്നും ചെയ്യില്ല എന്നു വരാം. എന്നാൽ നിങ്ങൾ തുടർച്ച ആയി അതിനെ ദേഷ്യപ്പെടുത്തിയാൽ, അത് നിങ്ങളെ കടിക്കും. നായകൾ പോലും നിങ്ങളെ ചീത്ത മനുഷ്യൻ ആണെന്നു കണക്കാക്കുന്നു. അത് മനസ്സിൽ ആക്കേണ്ടത് ആവശ്യമാണ്. ആരേയും പ്രകോപിപ്പിക്കരുത്. Adjust Everywhere. എങ്ങും ഇണങ്ങി പോകുക.

അഡ്ജസ്റ്റ്മെന്റിന്റെ കല പഠിച്ച ആൾ ശാശ്വതം ആയ പരമ ആനന്ദത്തിന്റെ പാത് കണ്ട് എത്തിക്കഴിഞ്ഞു. അഡ്ജസ്റ്റ്മെന്റ് നടത്തുന്നത് ആണ് ജ്ഞാനം. ഇത് ആയിരിക്കും ഒരാളുടെ വിജയം. നിങ്ങളുടെ പാതയിൽ എന്തു തന്നെ കഷ്ടപ്പാടുകൾ വന്നാലും നിങ്ങൾക്ക് അത് സഹിക്കേണ്ടി വരും. എന്നാൽ അഡ്ജസ്റ്റ് ചെയ്യാൻ പഠിച്ച ആൾക്ക് ഒരു പ്രശ്നവും ഉണ്ടാവില്ല. അവൻ എല്ലാ മുൻ എക്കൗണ്ടുകളും സെറ്റിൽ ചെയ്യും. നിങ്ങൾ ഒരു കള്ളനെ നേരിടുമ്പോൾ, അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല എങ്കിൽ, അയാൾ നിങ്ങളെ പരാജയ പെടുത്തും. അതിനു പകരം നിങ്ങൾക്ക് അത് നിസ്സാരം ആയി അഡ്ജസ്റ്റ് ചെയ്യാനും നിങ്ങളുടെ ജോലി പൂർത്തി ആക്കാനും ഇങ്ങനെ പറയുക ആണെങ്കിൽ കഴിയും, "എന്താ നിങ്ങൾക്കു വേണ്ടത് ചങ്ങാതി? ഞാൻ ഒരു തീർത്ഥ യാത്രയിൽ ആണ്. എന്റെ കയ്യിൽ അത്ര അധികം കാശൊന്നും ഇല്ല." അങ്ങനെ പറഞ്ഞാൽ, നിങ്ങൾ അയാളോട് അഡ്ജസ്റ്റ് ചെയ്തു കഴിഞ്ഞു.

നിങ്ങളുടെ ഭാര്യയുടെ പാചകത്തെ വിമർശിച്ചാൽ, നിങ്ങൾ ഭയങ്കര അബദ്ധം ആണ് ചെയ്യുന്നത്. നിങ്ങൾ അങ്ങനെ ചെയ്യരുത്. നിങ്ങൾ ഒരിക്കലും തെറ്റു വരുത്താത്തതു പോലെയാണ് നിങ്ങൾ സംസാരിക്കുന്നത്. ജീവിതം മുഴുവൻ ഒന്നിച്ചു ജീവിക്കാൻ നിങ്ങൾ പ്രതിജ്ഞ എടുത്തിരിക്കുന്ന ഒരാളോട് നിങ്ങൾ അഡ്ജസ്റ്റ് ചെയ്തേ പറ്റൂ. നിങ്ങൾ ആരെ എങ്കിലും വേദനിപ്പിക്കുക ആണ് എങ്കിൽ, നിങ്ങൾക്ക് എങ്ങനെ മഹാവീർ ഭഗവാന്റെ മതത്തിന്റെ

അനുയായി ആണെന്ന് അവകാശപ്പെടാൻ ആവും? വീട്ടിൽ ഒരാളും വേദനിക്കാൻ പാടില്ല. അത് വളരെ പ്രധാനം ആണ്.

## (17) വീടൊരു തോട്ടമാണ്

ഒരാൾ എന്നോട് വന്നു പറഞ്ഞു, "ദാദാ, എന്റെ ഭാര്യ നന്നായി പെരുമാറുന്നില്ല. അവളോട് ഒത്തു പോകാൻ ബുദ്ധിമുട്ടാണ്" എന്ന്. ഞാൻ അയാളോടു ചോദിച്ചു, ഭാര്യ അയാളെ കുറിച്ച് എന്താണ് പറഞ്ഞത് എന്ന്. അയാൾ പറഞ്ഞു, "അവൾ പറയുന്നു, എന്റെ ഭർത്താവിന് ഒരു വിവരവും ഇല്ല എന്ന്." എന്തിനാണ് നിങ്ങൾ സ്വയം ന്യായം അന്വേഷിക്കുന്നത്? പിന്നെ അയാൾ പറഞ്ഞു അയാളുടെ വീടും ഭാര്യയും മക്കളും ഒക്കെ നശിച്ചു പോയെന്ന്. ഞാൻ അയാളോടു പറഞ്ഞു ഒന്നും നശിച്ചിട്ടില്ല എന്നും, അയാൾക്ക് സാഹചര്യങ്ങളെ ശരിയായ രീതിയിൽ നോക്കി കാണാൻ കഴിയുന്നില്ല എന്നും. വീട്ടിലെ ഓരോരുത്തരുടെയും പ്രകൃതി മനസ്സിൽ ആക്കാനും തിരിച്ച് അറിയാനും അയാൾ പഠിക്കണം എന്ന് ഞാൻ പറഞ്ഞു.

അഡ്ജസ്റ്റ്മെന്റ് നടത്താൻ എന്താണ് ഇത്ര വിഷമം? നിങ്ങളുടെ കുടുംബത്തിൽ കൂട്ടു കുടുംബങ്ങളെ ഒക്കെയായി കുറെ ആളുകൾ ഉണ്ട്. അവരോട് ഒക്കെ ഒത്തു പോകാൻ ബുദ്ധിമുട്ടാണ്. എല്ലാ മനുഷ്യർക്കും ഒരേ സ്വഭാവമ് അല്ല ഉള്ളത്. ഇന്നത്തെ കാല ഘട്ടത്തിനു അനുസരിച്ച് ഉള്ള പ്രകൃതി ആണ് ഓരോരുത്തർക്കും. സത്യ യുഗത്തിൽ എല്ലാവരും ഒത്തൊരുമയിൽ കഴിഞ്ഞിരുന്നു. ഒരു മേൽ കൂരക്കു കീഴിൽ നൂറു പേർ ജീവിച്ചാലും, അവർ എല്ലാം കുടുംബ നാഥനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. ഈ കലിയുഗത്തിൽ അവർ ഒന്നും അനുസരിക്കില്ല, അവർ അവന്റെ അധികാരത്തെ വെല്ലു വിളിക്കും, എതിർക്കും, അപമാനിക്കുക വരെ ചെയ്യും.

എല്ലാവരും മനുഷ്യർ ആണ്. എന്നാൽ നിങ്ങൾക്ക് അറിയില്ല ഇത് എങ്ങനെ അംഗീകരിക്കാം എന്ന്. വീട്ടിൽ അമ്പത് ആളുകൾ ഉണ്ടാവാം. എന്നാൽ അവരുടെ പ്രകൃതികൾ തിരിച്ചറിയാൻ കഴിയാത്തതു കൊണ്ട് വഴക്കുകൾ ഉണ്ടാകുന്നു. നിങ്ങൾ അവരുടെ വ്യത്യസ്തതകൾ തിരിച്ച് അറിയണം. ഒരാൾ എപ്പോഴും മുറുമുറുക്കുന്നവൻ ആണെങ്കിൽ, അത് അയാളുടെ പ്രകൃതി ആണ്. ഒരിക്കൽ ഈ വസ്തുത തിരിച്ച് അറിഞ്ഞു കഴിഞ്ഞാൽ പിന്നെ നിങ്ങൾ കൂടുതൽ ഒന്നും ചെയ്യേണ്ടത് ഇല്ല. നിങ്ങൾ കൂടുതൽ ആയി അവനെ അപ ഗ്രഥിക്കേണ്ടതില്ല.

ചിലർ വൈകി ഉറങ്ങുന്നവർ ആണ്. ചിലർ നേരത്തെ ഉറങ്ങാൻ പോകുന്നു. എങ്ങനെ അവർക്ക് ഒരുമിച്ച് പോകാൻ ആവും? അവർ എല്ലാം ഒരു മേൽക്കൂരക്കു കീഴിൽ ഒരുമിച്ച് കഴിയുമ്പോൾ എന്തൊക്കെ സംഭവിക്കും? വീട്ടിൽ ആർ എങ്കിലും പറഞ്ഞേക്കാം, "നിങ്ങൾ ഒരു വിഡ്ഢിയാണ്" എന്ന്. അപ്പോൾ നിങ്ങൾ മനസ്സിൽ ആക്കണം, അയാൾ അത്തരം ഭാഷ മാത്രമെ ഉപയോഗിക്കു എന്ന്. അങ്ങനെ ആണ് നിങ്ങൾ അഡ്ജസ്റ്റ് ചെയ്യുന്നത്. അയാളുടെ പരിഹാസത്തിനു പ്രതികരിച്ചാൽ നിങ്ങൾ സ്വയം ക്ഷീണിക്കുകയും സംഘർഷം തുടരുകയും ചെയ്യും. അയാൾ നിങ്ങളോട് കൂട്ടി ഇടിച്ചിരിക്കുക ആണ്. നിങ്ങളും അയാളും ആയി കൂട്ടി ഇടിക്കാൻ പോയാൽ, അതിന്റെ അർത്ഥം നിങ്ങളും അന്ധനാണ് എന്നതാണ്. മനുഷ്യ പ്രകൃതികളിൽ ഉള്ള ഇത്തരം വ്യത്യസ്തതകൾ തിരിച്ച് അറിയണം എന്നാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത്.

## (18) ഒരു പൂന്തോട്ടത്തില് പല നിറത്തിലും മണത്തിലുമുള്ള പൂക്കള്

നിങ്ങളുടെ വീട് ഒരു പൂന്തോട്ടം ആണ്. സത്യ യുഗത്തിലും ത്രേതാ യുഗത്തിലും ദ്വാപര യുഗത്തിലും വീടുകൾ തോട്ടങ്ങൾ പോലെ ആയിരുന്നു. ചില തോട്ടങ്ങളിൽ റോസുകൾ മാത്രവും മറ്റു ചിലവയിൽ ലില്ലികൾ മാത്രവും ആണ്. ഇന്നത്തെ കാലത്ത് വീടുകൾ എല്ലാം

തോട്ടങ്ങളായി മാറിയിരിക്കുന്നു. നിങ്ങൾ പല തരത്തിൽ ഉള്ള പൂക്കൾ കാണുന്നു. ഒരേ പോലെ ഉള്ള ചെടികൾ ഒന്നും ഇല്ല. ഒരു പൂവ് മുല്ലയാണോ, റോസാണോ എന്ന് നാം നോക്കേണ്ടതില്ലേ? സത്യ യുഗത്തിൽ, ഒരു വീട്ടിൽ ഒരു പൂ റോസ് ആണെങ്കിൽ, ബാക്കി എല്ലാം റോസുകൾ തന്നെ ആയിരിക്കും. മറ്റൊരു വീട്ടിൽ ഒരു പൂ മുല്ല ആണെങ്കിൽ, ബാക്കി എല്ലാം മുല്ലകൾ തന്നെ ആയിരിക്കും. ഒരു തോട്ടത്തിലെ പോലെ, ഒരു വീട്ടിലെ എല്ലാവരും റോസുകൾ ആയിരുന്നു എങ്കിൽ പ്രശ്നം ഒന്നും ഉണ്ടാവില്ല. എന്നാൽ ഇന്ന് ഈ വീടുകൾ എല്ലാം പൂന്തോട്ടങ്ങൾ ആയിരിക്കുന്നു. ഒരു പൂ റോസ് ആണെങ്കിൽ , മറ്റൊന്ന് മുല്ല ആണ്. റോസ് ആക്ഷേപം പറയുന്നു, “ നീ എന്താണ് എന്നെ പോലെ അല്ലാത്തത്? നീ എന്റെ മനോഹരം ആയ നിറം നോക്കൂ. നീയോ, ആകെ വെളുപ്പും.” മുല്ല മറുപടി പറയും, “നിന്റെ മേത്ത് മുഴുവൻ മുള്ളാണ്.” റോസ് ആണെങ്കിൽ, അതിൽ തീർച്ച ആയും മുള്ളുകൾ ഉണ്ടാവും. മുല്ല തീർച്ചയായും വെളുത്ത നിറത്തിലും ആയിരിക്കും. ഈ കലിയുഗ കാല ഘട്ടത്തിൽ, ഓരോ വീട്ടിലേയും ചെടികൾ പല തരത്തിൽ ഉള്ളവ ആണ്. അതു കൊണ്ട് അത് ഒരു പൂന്തോട്ടം ആയിരിക്കുന്നു. ഒരാൾ ഇത് മനസ്സിൽ ആക്കാതെ ദുഃഖിതൻ ആകുന്നു. ലോകത്തിന് ഈ കാഴ്ചപ്പാടില്ല. ആരും ചീത്ത അല്ല. അഭിപ്രായ വ്യത്യാസങ്ങൾ ഇഗോയിസം (അഹന്ത) മൂലം ആണ്. എനിക്ക് ഇഗോ ഇല്ല. അതുകൊണ്ട് എനിക്ക് ഈ ലോകവും ആയി സംഘർഷം ഇല്ല. എനിക്ക് കാണാൻ കഴിയുന്നു, ഇത് പനിനീർ ആണ്, ഇത് മുല്ല ആണ്, ഇത് സൂര്യകാന്തി ആണ്, ഇത് കയ്പയുടെ പൂ ആണ് എന്നെല്ലാം. ഞാൻ അത് എല്ലാം തിരിച്ച് അറിയുന്നു. പ്രശംസിക്ക പെടേണ്ടതാണ് ഈ പൂന്തോട്ടം. നിങ്ങൾക്ക് എന്തു തോന്നുന്നു?

**ചോദ്യകർത്താവ്:** അങ്ങു പറയുന്നത് ശരിയാണ്.

**ദാദാശ്രീ:** അത് ഇങ്ങനെ ആണ്. പ്രകൃതി ഒരിക്കലും മാറുക ഇല്ല. അതിന് അതിന്റേതായ ഗുണങ്ങൾ ഉണ്ട്. അത് അതു തന്നെ ആയി തുടരുന്നു. ഞാൻ എല്ലാ പ്രകൃതികളും അറിയുകയും മനസ്സിൽ

ആക്കുകയും ചെയ്യുന്നു. ഞാന് അത് പെട്ടന്ന് മനസ്സിൽ ആക്കുന്നു. അതു കൊണ്ട് ഞാൻ ആളുകളോട് അവരുടെ പ്രകൃതിക്ക് അനുസരിച്ച് പെരുമാറുന്നു. മദ്ധ്യ വേനൽ കാലത്ത്, നട്ടുച്ചക്ക് വെയിൽ ആസ്വദിക്കാൻ പുറപ്പെട്ടാൽ നിങ്ങൾ കഷ്ടപ്പെടും. ശൈത്യ കാലത്തെ സൂര്യൻ അത്ര കഠിനം അല്ല. സൂര്യന്റെ പ്രകൃതി മനസ്സിൽ ആക്കിയാൽ, നിങ്ങളുടെ ആവശ്യം അനുസരിച്ച് നിങ്ങൾക്ക് അഡ്ജസ്റ്റ് ചെയ്യാൻ ആവും.

എനിക്ക് പ്രകൃതി എന്തെന്ന് അറിയാം. അതു കൊണ്ട് നിങ്ങൾ എന്നോട് വഴക്കിനു വന്നാലും ഞാൻ ഒഴിഞ്ഞു മാറും. ഞാൻ അത് സംഭവിക്കാൻ അനുവദിക്കുക ഇല്ല. അല്ലെങ്കിൽ സംഘട്ടനത്തിൽ രണ്ടു പേരും കഷ്ടപ്പെടേണ്ടി വരും. അതു കൊണ്ട് വീട്ടിലെ എല്ലാവരുടെയും പ്രകൃതി തിരിച്ച് അറിയുക.

ഈ കലിയുഗ കാല ഘട്ടത്തിൽ, ഒരു വിള പോലെ എല്ലാ പ്രകൃതികളും ഒരു പോലെ ഉള്ളത് അല്ല. എന്നാൽ അവ ഒരു തോട്ടത്തിൽ എന്ന പോലെ ഒന്നിച്ചു കഴിയുന്നു. അതിൽ ഒന്നു പനിനീരാണ്, ഒന്നു ലില്ലിയാണ്, വേറൊന്ന് മുല്ലയാണ്. ഈ പൂക്കൾ എല്ലാം വഴക്ക് അടിക്കുകയാണ്. അതു കൊണ്ടാണ് ഇവിടെ നിരന്തരം വാഗ്വാദങ്ങൾ.

## (19) കൗണ്ടർപുള്ളിയുടെ മേജിക്ക്

നിങ്ങൾ നിങ്ങളുടെ അഭിപ്രായം ആദ്യം തന്നെ പറയരുത്. അപ്പോൾ എത്തി ചേർന്നിരിക്കുന്ന പ്രശ്നത്തെ കുറിച്ച് മറ്റെ ആളുടെ അഭിപ്രായം എന്താണ് എന്ന് ആരായുക. മറ്റെ ആൾ അയാളുടെ അഭിപ്രായത്തിൽ മുറുകെ പിടിക്കുക ആണെങ്കിൽ നിങ്ങൾ നിങ്ങളുടെ അഭിപ്രായം ഉപേക്ഷിക്കുക. എന്തു തന്നെ ആയാലും മറ്റെ ആൾ വേദനിക്കാൻ പാടില്ല എന്നത് ആണ് നിങ്ങൾ ഉറപ്പു വരുത്തേണ്ടത്. മറ്റുള്ളവരിൽ നിങ്ങളുടെ അഭിപ്രായം അടിച്ച് ഏല്പിക്കാൻ ശ്രമിക്കരുത്. മറ്റെ ആളുടെ കാഴ്ചപ്പാട് നിങ്ങൾ സ്വീകരിക്കുക. ഞാൻ എല്ലാവരുടേയും അഭിപ്രായങ്ങൾ സ്വീകരിച്ചിട്ട് ഉണ്ട്. അങ്ങനെ

ആണ് ജ്ഞാനി ആയിത്തീർന്നത്. ഞാൻ ഒരിക്കലും എന്റെ അഭിപ്രായം മറ്റുള്ളവരിലേക്ക് അടിച്ച് ഏല്പിക്കുക ഇല്ല. നിങ്ങളുടെ അഭിപ്രായം കൊണ്ട് ആരും വേദനിക്കാൻ പാടില്ല.

നിങ്ങളുടെ മാനസിക ഭ്രമണം 1800 rpm സ്പീഡിൽ ആണെങ്കിൽ, മറ്റെ ആളുടെത് 600 rpm ആണെങ്കിൽ, അങ്ങനെ ഉള്ള ആളുടെ ഉള്ളിൽ ആണ് നിങ്ങൾ നിങ്ങളുടെ അഭിപ്രായം അടിച്ച് ഏല്പിക്കാൻ ശ്രമിക്കുന്നത് എങ്കിൽ, അപ്പോൾ അയാളുടെ എൻജിൻ തകരാർ ആവും. പിന്നെ എല്ലാ ഗിയറുകളും മാറ്റേണ്ടി വരും.

**ചോദ്യകർത്താവ്:** ഭ്രമണം കൊണ്ട് അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്?

**ദാദാശ്രീ:** ഒരാളുടെ ചിന്തയുടെ വേഗതയെ കുറിച്ചാണ് ഭ്രമണം കൊണ്ട് ഉദ്ദേശിക്കുന്നത്. അത് ഓരോ വ്യക്തിയിലും വ്യത്യസ്തം ആയിരിക്കും. എന്തെങ്കിലും ഒരു കാര്യം സംഭവിച്ചാൽ, ഒരു നിമിഷം കൊണ്ട് നിങ്ങൾക്ക് അനേകം കാര്യങ്ങൾ അത് കാണിച്ചു തരും. അത് ഒരേ സമയത്തുള്ള വിവിധ തരം അവസ്ഥകൾ കാണിച്ചു തരുന്നു. ഈ വലിയ പ്രസിഡന്റുമാരുടെ എല്ലാം ഭ്രമണം, 5000 ത്തിൽ കറങ്ങുന്ന "നമ്മുടേ"തുമായി താരതമ്യം ചെയ്തു നോക്കിയാൽ, മിനിട്ടിൽ 1200 ആവും, അതേ സമയം മഹാവീർ ഭഗവാന്റേത് 1,00,000 ഭ്രമണത്തിൽ ആണ് ഓടിക്കൊണ്ടിരുന്നത്!

അഭിപ്രായ വ്യത്യാസങ്ങളിൽ നിന്നും ഉണ്ടാകുന്ന ഈ വിഭാഗീയതകൾക്ക് എല്ലാം കാരണം എന്താണ്? നിങ്ങളുടെ ഭാര്യക്ക് 100 ഭ്രമണം നടക്കുമ്പോൾ നിങ്ങൾക്ക് അത് 500 ആണ്. നിങ്ങളുടെ ഭ്രമണം സാവധാനത്തിൽ ആക്കാൻഒരു 'കൗണ്ടർ പുള്ളി' (ഭ്രമണവേഗം കുറഞ്ഞ യന്ത്രങ്ങൾ കൂടിയ വേഗത ഉള്ളവയും ആയി ബന്ധിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന കപ്പി) എങ്ങനെ ഉപയോഗിക്കണം എന്ന് നിങ്ങൾക്ക് അറിയില്ല. അതുകൊണ്ട് തീപ്പൊരികൾ പാറുന്നു! വഴക്കുകൾ ഉണ്ടാകുന്നു. ഹേയ്! പലപ്പോഴും

യന്ത്രം മുഴുവൻ തകരാറിൽ ആവുകയും ചെയ്യുന്നു. 'ഭ്രമണം' എന്നതുകൊണ്ട് ഞാൻ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലായോ? അതുകൊണ്ട് നിങ്ങൾ കൂലി പണിക്കാരോട് സംസാരിക്കുമ്പോൾ, നിങ്ങൾ പറയാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് അകത്ത് പ്രവേശിക്കണം എന്നില്ല. കാരണം അവരുടെ ചിന്താഭ്രമണം 50ഉം, നിങ്ങളുടേത് 500ഉം ആണ്. ചില ആളുകൾക്ക് 1000 ഭ്രമണവും ചിലർക്ക് 1200 ഭ്രമണവും വരെ ഉണ്ടാവാം. ജനങ്ങളുടെ ചിന്താ ഭ്രമണ ശക്തി അവരുടെ പുരോഗതിയുടെ അളവ് അനുസരിച്ച് ആണ്. നടുവിൽ നിങ്ങൾ ഒരു കൗണ്ടർ പുള്ളി വെച്ചാൽ മാത്രമേ നിങ്ങൾ പറയുന്നത് എന്താണ് എന്ന് അവർക്ക് മനസ്സിൽ ആക്കാനാവൂ. ഒരു കൗണ്ടർ പുള്ളി ഉപയോഗിക്കുക എന്നു പറഞ്ഞാൽ, നിങ്ങൾ അതിനിടക്ക് നിങ്ങളുടെ ഭ്രമണവേഗം കുറയ്ക്കാൻ ഒരു ബെൽറ്റ് ഘടിപ്പിക്കുന്നു. എല്ലാവരോടും ഞാൻ കൗണ്ടർ പുള്ളി ഉപയോഗിക്കുന്നു. അതുകൊണ്ടാണ് ആരുമായും നമുക്ക് അഭിപ്രായ വ്യത്യാസങ്ങൾ മൂലം ഉള്ള വിഭാഗീയതകൾ ഉണ്ടാകാത്തത്! നമുക്ക് അറിയാം ഇയാൾക്ക് ഇത്ര ഭ്രമണമേ ഉള്ളൂ എന്ന്. അതുകൊണ്ട് അതിന് അനുസരിച്ച് ഒരു കൗണ്ടർ പുള്ളി "നാം" ക്രമീകരിക്കുന്നു. തീരെ ചെറിയ കുട്ടികളുമായി പോലും "നമുക്ക്" ഒത്തു പോകാനാവും. അതിനു കാരണം "നാം" അവരോട് ഒപ്പവും ഒരു കൗണ്ടർ പുള്ളി ഉപയോഗിച്ച് ഭ്രമണം 40 ആക്കുന്നു, അപ്പോൾ അവർക്ക് "നാം" പറയുന്നത് മനസ്സിലാക്കാൻ കഴിയുന്നു. അതല്ലെങ്കിൽ അവരുടെ യന്ത്രം തകരാറിലാവും.

**ചോദ്യകർത്താവ്:** ഒരു അർത്ഥ പൂർണ്ണമായ സംഭാഷണം നടക്കണം എങ്കിൽ നാം മറ്റെ ആളുടെ തലത്തിലേക്ക് ഇറങ്ങി വരണം എന്നല്ലെ ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്?

**ദാദാശ്രീ:** അതെ. ആശയ വിനിമയം ശരിയായി നടക്കണം എങ്കിൽ നിങ്ങൾ അവരുടെ ഭ്രമണ തലത്തിലേക്ക് വരണം. നിങ്ങൾക്ക് കൗണ്ടർപുള്ളി ഉപയോഗിക്കാൻ അറിയില്ല

എങ്കിൽ, അതിൽ ഭ്രമണ വേഗത കുറഞ്ഞ യന്ത്രത്തിന്റെ എന്തു തെറ്റാണുള്ളത്?

## (20) ഒരു ഫ്യൂസ് എങ്ങനെ ഘടിപ്പിക്കണമെന്ന് പഠിക്കുക

എങ്ങനെയാണ് ഒരു മെഷിനറി പ്രവർത്തിക്കുന്നത് എന്ന് നിങ്ങൾ അറിയുകയേ വേണ്ടൂ. ഫ്യൂസ് കത്തിപ്പോയാൽ, നിങ്ങൾ എങ്ങനെ മാറ്റിവെക്കും? മറ്റെ ആളുടെ പ്രകൃതിയുമായി അഡ്ജസ്റ്റ് ചെയ്തു പോകാൻ നിങ്ങൾ പഠിക്കണം. മറ്റെ ആളുടെ ഫ്യൂസ് കത്തി പോകുമ്പോൾ ഞാൻ അഡ്ജസ്റ്റ് ചെയ്യുന്നു. അവൻ കൂടുതൽ അഡ്ജസ്റ്റ് ചെയ്യാൻ കഴിയാതെ വന്നാൽ എന്തു സംഭവിക്കും? ഫ്യൂസ് പോകും. പിന്നെ ഇരുട്ടു മാത്രം. അവൻ ചുമരിലോ വാതിലിലോ ചെന്നിടിക്കും. അങ്ങനെ ആണെങ്കിലും വയർ കേട്ടു കൂടാതെ ഇരിക്കുന്നുണ്ടാവും. ആരെങ്കിലും ഫ്യൂസ് ശരി ആക്കിയാൽ, അത് വീണ്ടും പ്രവർത്തിക്കും. അതു വരെ അവൻ അസ്വസ്ഥൻ ആയിരിക്കും.

## (21) ചുരുങ്ങിയ ജീവിതത്തില് നീണ്ട കഷ്ടപ്പാടുകള്

ഏറ്റവും വലിയ കഷ്ടപ്പാട് എന്താണ്? അത് തെറ്റായി അഡ്ജസ്റ്റ് ചെയ്യുമ്പോളാണ്. ഒരാൾ എവിടേയും അഡ്ജസ്റ്റ് ചെയ്യുകയാണ് എങ്കിൽ, പിന്നെ എന്താണ് പ്രശ്നം?

**ചോദ്യകർത്താവ്:** അതിന് തീർച്ചയായും പുരുഷാർത്ഥം ആവശ്യമാണ്.

**ദാദാശ്രീ:** അതിന് ഒരു തരത്തിലുള്ള പുരുഷാർത്ഥവും ആവശ്യമില്ല. ദാദാ പറഞ്ഞിട്ടുണ്ട് "എങ്ങും ഇണങ്ങി പോകുക" എന്ന്. അതുകൊണ്ട് അത് പിന്തുടരുക. അപ്പോൾ നിങ്ങൾ അഡ്ജസ്റ്റ് ചെയ്യുന്നത് തുടർന്നു കൊണ്ടിരിക്കും. നിങ്ങളുടെ ഭാര്യ "നിങ്ങൾ ഒരു കള്ളൻ ആണ്" എന്നു പറഞ്ഞാൽ, "അതു

ശരിയാണ്" എന്ന് നിങ്ങൾ അവളോട് പറയണം. അവൾ 150 രൂപ വിലയുള്ള ഒരു സാരി വാങ്ങണം എന്നു പറഞ്ഞാൽ, അവൾക്ക് ഒരു 25 രൂപ കൂടുതൽ കൊടുക്കൂ. അത് ചുരുങ്ങിയത് ആറു മാസം എങ്കിലും മുന്നോട്ട് കൊണ്ടു പോകും!

ബ്രഹ്മാവിന്റെ ഒരു ദിവസം ഒരു ജീവിതകാലം മുഴുവനും ആണ്. ബ്രഹ്മാവിന്റെ ഒരു ദിവസം ജീവിക്കാൻ എന്തിനാണ് ഇത്ര മാത്രം കഷ്ടപ്പെടുന്നത്? ബ്രഹ്മാവിന്റെ നൂറു വർഷം ജീവിക്കേണ്ടി വരിക ആണെങ്കിൽ, "എന്തിനു നാം അഡ്ജസ്റ്റ് ചെയ്യണം?" എന്ന വാദത്തിന് യുക്തി ഉണ്ടാകും ആയിരുന്നു, നമുക്ക് അവകാശങ്ങൾ ഉന്നയിക്കുകയും ചെയ്യാം ആയിരുന്നു. എന്നാൽ നിങ്ങൾക്ക് ഇത് പെട്ടന്നു തന്നെ അവസാനിപ്പിക്കേണ്ടി വരും പോൾ നിങ്ങൾ എന്താ ചെയ്യുക? നിങ്ങൾ അഡ്ജസ്റ്റ് ചെയ്യുമോ അതോ തിരിച്ച് വഴക്കടിക്കുമോ? ജീവിതം വളരെ ചെറുതാണ്. എങ്ങും അഡ്ജസ്റ്റ് ചെയ്തുകൊണ്ട് നിങ്ങളുടെ ജോലി എത്രയും പെട്ടന്ന് അവസാനിപ്പിക്കണം. ഭാര്യയുമായി വഴക്കിട്ടാൽ നിങ്ങൾക്ക് രാത്രി ഉറങ്ങാൻ ആവുമോ? അതിലും ഉപരിയായി, രാവിലെ മാന്യമായ ഒരു പ്രാതൽ ലഭിക്കുമോ?

## (22) ജ്ഞാനിയുടെ ടെക്ക്നിക്ക് സ്വീകരിക്കുക

ഒരു രാത്രി ഭാര്യ ഭർത്താവിനോട് ഒരു സാരി വാങ്ങി തരണം എന്ന് അപേക്ഷിക്കുന്നു. എത്ര വില വരും എന്ന അയാളുടെ ചോദ്യത്തിന്, 2200 രൂപയെ ഉള്ളൂ എന്ന് അവൾ മറുപടി പറയുന്നു. 200 ഓ 300 ഓ ആയിരുന്നു എങ്കിൽ സന്തോഷത്തോടെ വാങ്ങാം ആയിരുന്നു. ഇത്രയും വില പിടിപ്പ് ഉള്ള സാരി നാമെങ്ങനെ വാങ്ങും, എന്ന് അയാൾ ചോദിക്കുന്നു. ഭാര്യ പിണങ്ങി മുഖം വീർപ്പിക്കാൻ തുടങ്ങുന്നു. എന്തൊരു പ്രശ്നമാണ് ഉണ്ടായി ഇരിക്കുന്നത്? വിവാഹം കഴിച്ചതിനു പോലും അയാൾ ഖേദിക്കുന്നു. കാര്യം കഴിഞ്ഞിട്ട് പിന്നെ ഖേദിച്ചിട്ട് എന്താണ് കാര്യം? ഇതാണ് കഷ്ടപ്പാട്.

**ചോദ്യകർത്താവ്:** ഭർത്താവ് അവൾക്ക് 2200 രൂപയുടെ സാരി വാങ്ങി കൊടുക്കണം ആയിരുന്നു എന്ന് ആണോ അങ്ങ് പറയുന്നത്?

**ദാദാശ്രീ:** അത് വാങ്ങണോ വേണ്ടയോ എന്നുള്ളത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവൾ പിണങ്ങി എല്ലാ രാത്രിയും "ഞാൻ പാചകം ചെയ്യില്ല" എന്ന് പറയുകയും ചെയ്താൽ നിങ്ങൾ എന്തു ചെയ്യും ? എവിടെ നിന്നാണ് നിങ്ങൾക്ക് മറ്റൊരു പാചകക്കാരനെ കിട്ടുക? അതുകൊണ്ട് പണം കടം വാങ്ങിയിട്ടു ആയാലും നിങ്ങൾക്ക് അത് വാങ്ങേണ്ടി വരും, ഇല്ലേ?

അവൾ സ്വയം സാരി വാങ്ങേണ്ട എന്നു പറയുന്ന സാഹചര്യം നിങ്ങൾക്ക് സൃഷ്ടിക്കാനാവും. നിങ്ങൾ മാസം 8000 രൂപയാണ് സമ്പാദിക്കുന്നത് എന്ന് കരുതുക. 1000 രൂപ നിങ്ങൾ നിങ്ങളുടെ ചെലവുകൾക്ക് ആയി കൈവശം വെക്കുക. ബാക്കിയുള്ള 7000 രൂപ നിങ്ങൾ അവളുടെ കയ്യിൽ ഏല്പിച്ചാൽ, "ആ സാരി എനിക്ക് വാങ്ങി തരുമോ?' എന്ന് അവൾ നിങ്ങളോട് ചോദിക്കുമോ? അപ്പോൾ അത്തരം ഒരു സാരി വാങ്ങുന്നതിനെ കുറിച്ച് അവളെ കളിയാക്കാൻ പോലും നിങ്ങൾക്ക് സാധിച്ചു എന്നു വരും. "ആ സാരി നല്ലതായിരുന്നല്ലോ! എന്തേ നീ അത് വാങ്ങാത്തത്?' എന്ന്. അപ്പോൾ അത് അവൾക്ക് കൈകാര്യം ചെയ്യേണ്ടി വരും. എന്നാൽ സത്യത്തിൽ, അവൾ നിങ്ങളിൽ സമ്മർദ്ദം ചെലുത്തി കൊണ്ടിരിക്കുന്നത് നിങ്ങൾ ആണ് കാര്യങ്ങൾ (സാമ്പത്തികമായ) നടത്തി കൊണ്ടിരിക്കുന്നത് എന്നതു കൊണ്ടാണ്. ജ്ഞാനം ലഭിക്കുന്നതിനു മുമ്പു തന്നെ ഞാൻ ഈ കല അഭ്യസിച്ചിരുന്നു. പിന്നീടാണ് ഞാൻ ജ്ഞാനി ആയത്. ഈ കല കണ്ടുപിടിച്ചതിന് ശേഷമാണ് ഞാൻ ജ്ഞാനി ആയത്! ഇനി എന്നോട് പറയൂ, ഒരാളിൽ ഈ കല ഇല്ലാത്തതു കൊണ്ടാണ് എല്ലാ ദുഃഖങ്ങളും നില നിൽക്കുന്നത്, അല്ലേ? നിങ്ങൾക്ക് എന്ത് തോന്നുന്നു?

**ചോദ്യകർത്താവ്:** അതെ, അതു ശരിയാണ്.

**ദാദാശ്രീ:** നിങ്ങൾക്ക് ഇത് മനസ്സിൽ ആയോ? തെറ്റ് മുഴുവൻ നിങ്ങളുടേത് ആണ്. നിങ്ങൾ ഈ കല അഭ്യസിച്ച് ഇരിക്കണം.

## (23) അജ്ഞതയാണ് സംഘർഷത്തിന്റെ അടിസ്ഥാനകാരണം

**ചോദ്യകർത്താവ്:** സംഘർഷങ്ങൾക്ക് കാരണം എന്താണ്? കഴിവു കേടാണോ അതിനു കാരണം?

**ദാദാശ്രീ:** അജ്ഞത കൊണ്ടാണ് സംഘർഷം ഉണ്ടാകുന്നത്, യഥാർത്ഥ ആത്മാവിന്റെയും ലോകത്തിന്റേയും സ്വഭാവം അറിയാത്തതു കൊണ്ട്. ഈ ലോകത്തിൽ എല്ലാ വ്യക്തികളുടെയും സ്വാഭാവിക സവിശേഷതകൾ വ്യത്യസ്തം ആണ്. ആത്മാവിന്റെ സ്വഭാവം അറിഞ്ഞാൽ, ഒരു വഴി മാത്രമെ നിങ്ങൾക്ക് ഉള്ളു: എങ്ങും അഡ്ജസ്റ്റ് ചെയ്യുക. ഒരാൾ നിങ്ങളെ ഇടിച്ചാൽ, നിങ്ങൾ അയാളോട് അഡ്ജസ്റ്റ് ചെയ്യണം.

ഞാൻ നിങ്ങൾക്ക് ഈ ലളിതവും നേരിട്ട് ഉള്ളതും ആയ വഴി കാണിച്ചു തരികയാണ്. എല്ലാ ദിവസവും ഈ സംഘർഷങ്ങൾ ഉണ്ടാവുക ഇല്ല. നിങ്ങളുടെ പഴയ കർമ്മങ്ങൾ ഫലം തരാൻ തയ്യാർ ആയി ഇരിക്കുമ്പോൾ ആണ് അവ ഉണ്ടാകുന്നത്. അത് സംഭവിക്കുമ്പോൾ അഡ്ജസ്റ്റ് ചെയ്യുക. ഭാര്യയുമായി വഴക്ക് ഉണ്ടായാൽ, പുറത്ത് ഒരു ഡിന്നറിനു കൊണ്ടു പോയി, പിന്നീട് അവളെ സന്തോഷിപ്പിക്കുക. ഇന്നു മുതൽ നിങ്ങളുടെ ബന്ധത്തിന് ഉണ്ടാകുന്ന ആയാസങ്ങൾ നീണ്ടു നില്ക്കാൻ പാടില്ല. ഈ ലോകത്തിൽ ഒന്നും തന്നെ നമ്മോട് പൊരുത്ത പെടുകയില്ല.. നാം അതിനോട് യോജിച്ചു പോയാൽ ലോകം നമുക്ക് നല്ലതായിരിക്കും. അതിനെ നമ്മോട് പൊരുത്ത പെടുത്താൻ നോക്കിയാൽ അത് വഴങ്ങാത്തതായി തീരും. അതു കൊണ്ട് എവിടേയും അഡ്ജസ്റ്റ് ചെയ്യുക. നാം അതിനോട് യോജിച്ചു പോയാൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാവില്ല.

## (24) ദാദാ എവിടേയും അഡ്ജസ്റ്റ് ചെയ്യുന്നു

ഒരു ദിവസം ഒരല്പം ഉപ്പ് കൂടുതൽ ആയിരുന്നു, എന്നത് ഒഴിച്ചാൽ കധി (മോരും കടലമാവും ചേർത്ത് ഉണ്ടാക്കുന്ന ഗുജറാത്തി ഭക്ഷണം) നന്നായിരുന്നു. ഞാൻ ചിന്തിച്ചു, "ഉപ്പ് എന്തായാലും അല്പം കൂടുതല് ആണ്. പക്ഷെ എനിക്ക് അത് കുറേശ്ശെയായി മോന്തി കുടിക്കാം." ഹീരാബ (ദാദായുടെ ഭാര്യ) അകത്തു കടന്നു വന്ന സമയത്ത് ഞാൻ അതിൽ വെള്ളം ഒഴിക്കുക ആയിരുന്നു. അവൾ അത് കണ്ടു. എന്തിനാണ് അങ്ങനെ ചെയ്തത് എന്ന് അന്വേഷിച്ചു. അവർ അടുപ്പത്ത് ഇരിക്കുമ്പോൾ വെള്ളം ഒഴിക്കുന്നതും, ഞാൻ ഡൈനിങ്ങ് ടേബിളിൽ വെച്ച് വെള്ളം ഒഴിക്കുന്നതും തമ്മിൽ എന്തു വ്യത്യാസം ആണ് ഉള്ളത് എന്ന് ഞാൻ ചോദിച്ചു. അവർ പറഞ്ഞു, അടുപ്പത്തു വെച്ച് വെള്ളം ഒഴിച്ചു കഴിഞ്ഞാൽ തിളപ്പിക്കും എന്ന്. അതിൽ എനിക്ക് പ്രത്യേകിച്ച് വ്യത്യാസം ഒന്നും ഇല്ലെന്ന് ഞാൻ പറഞ്ഞു.

പതിനൊന്നു മണിക്ക് നിങ്ങൾ ലഞ്ച് കഴിക്കാൻ ആവശ്യ പെട്ടാൽ, കുറച്ചു വൈകി കഴിച്ചാൽ പോരെ എന്നു ഞാൻ ചോദിക്കും. പോര എനിക്ക് പാത്രങ്ങൾ കഴുകി അവസാനിപ്പിക്കാൻ ഉണ്ട് എന്നു പറഞ്ഞാൽ, ഞാൻ ഉടനെ അഡ്ജസ്റ്റ് ചെയ്തു ഭക്ഷണത്തിന് ആയി ഇരിക്കും.

പ്ലേറ്റിൽ നിങ്ങൾക്ക് കഴിക്കാൻ ആയി എന്തു തന്നെ വന്നാലും നിങ്ങൾ അത് ഭക്ഷിക്കണം. നിങ്ങളുടെ മുന്നിൽ വരുന്നത് എന്താണോ അതാണ് നിങ്ങളുടെ എക്കൗണ്ടിൽ പെട്ടത്. നിങ്ങൾ അത് ഒഴിവാക്കിയാൽ നിങ്ങൾക്ക് നഷ്ടം ആയിരിക്കും എന്ന് ദൈവം പറയുന്നു. അതു കൊണ്ട് എന്റെ പ്ലേറ്റിൽ എനിക്ക് കഴിക്കാൻ ഇഷ്ടം ഇല്ലാത്ത സാധനങ്ങൾ വന്നാലും ഞാൻ അതിൽ നിന്നും അല്പം കഴിക്കും. ഇല്ലെങ്കിൽ ഞാൻ രണ്ടു തരത്തിൽ കുഴപ്പം ഉണ്ടാക്കുക

ആണ്. ഒന്നാമതായി അത് പാകം ചെയ്ത് കൊണ്ടു വന്ന ആൾക്ക് വേദനയും പരിഹസിക്കപ്പെട്ട പോലെയും തോന്നിയേക്കാം. രണ്ടാമതായി ഭക്ഷണം തന്നെ പ്രതിഷേധിക്കും, "ഞാൻ എന്തു തെറ്റു ചെയ്തു? ഞാൻ നിങ്ങൾക്കായി നിവേദിക്ക പെട്ടിരിക്കുക ആണ്. നിങ്ങൾ എന്താണ് എന്നെ പരിഹസിക്കുന്നത്? ആവശ്യത്തിന് ഉള്ളത് എടുത്താൽ മതി. ദയവായി പരിഹസിക്കരുത്!" നാം അതിനോട് അല്പം ബഹുമാനം കാണിക്കേണ്ടതില്ലേ? ആരെങ്കിലും, എനിക്ക് ഇഷ്ടമില്ലാത്തത് എന്തെങ്കിലും തന്നാലും ഞാൻ അയാളുടെ ആഗ്രഹത്തെ ആദരിക്കും. നിങ്ങൾക്ക് നല്കപ്പെടുന്ന ഭക്ഷണം അത്ര എളുപ്പത്തിൽ ഉണ്ടാകുന്ന ഒന്നല്ല. അതു കൊണ്ട് അതിനെ ബഹുമാനിക്കണം. നിങ്ങൾ അതിനെ വിമർശിച്ചാൽ നിങ്ങളുടെ രസം കൂടുമോ അതോ കുറയുമോ? പലപ്പോഴും എനിക്കു നല്കപ്പെടുന്ന പച്ചക്കറികൾ എനിക്ക് ഇഷ്ടപ്പെട്ടവ ആവില്ല. എന്ന് ഇരുന്നാലും ഞാൻ അത് കഴിക്കും. അതിൽ ഉപരി ഞാൻ പാചകക്കാരനെ പ്രശംസിക്കുകയും ചെയ്യും. പലപ്പോഴും പഞ്ചസാര ഇടാതെ ആണ് എനിക്ക് ചായ ലഭിക്കാറ്. ഞാൻ ഒന്നും പറയില്ല. ആളുകൾ പറയും, "നിങ്ങൾ ഒന്നും പറയാതെ ഇരുന്നാൽ, ഭാര്യക്ക് ഇക്കാര്യങ്ങളിൽ ശ്രദ്ധ ഇല്ലാതാവും" എന്ന്. ഞാന് അവരോടു പറയും നാളെ എന്തു സംഭവിക്കും എന്ന് കാത്തിരുന്നു കാണാൻ. അടുത്ത ദിവസം അവൾ പറയും, "ഇന്നലെ ചായയിൽ പഞ്ചസാര ഉണ്ടായിരുന്നില്ല. നിങ്ങൾ എന്തുകൊണ്ട് എന്നോട് ഒന്നും പറയാതെ ഇരുന്നത്?" ഞാൻ പറയും, "ഞാൻ എന്തിനാണ് പറയുന്നത്? നീ കുടിക്കുമ്പോൾ നിനക്കു മനസ്സിൽ ആവുമല്ലോ. നീ ചായ കുടിക്കില്ലെങ്കിൽ ഞാൻ പറയും. നീയും അത് കുടിക്കുന്നുണ്ട്. അപ്പോൾ പിന്നെ ഞാൻ പറയേണ്ട ആവശ്യം എന്താണ്?"

**ചോദ്യകർത്താവ്:** ഇങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എങ്കിൽ, ഒരാൾ ഓരോ സെക്കൻഡിലും വളരെ ശ്രദ്ധാലു ആയി ഇരിക്കണം.

**ദാദാശ്രീ:** അതെ. ഓരോ നിമിഷവും ശ്രദ്ധാലു. അങ്ങനെ ആണ് ഈ ജ്ഞാനം ആരംഭിച്ചത്. ഭാഗ്യം കൊണ്ട് ഉണ്ടായതല്ല ഈ ജ്ഞാനം. ഞാൻ തുടക്കം മുതലെ ഈ അഡ്ജസ്റ്റ്മെന്റുകൾ എല്ലാം നടത്തി ഇരുന്നു. സംഘർഷം ഒഴിവാക്കുക.

ഒരു ദിവസം കുളിക്കാൻ അകത്തു കടന്നപ്പോൾ, വെള്ളം ഒഴിക്കാൻ കപ്പ് കാണാനില്ല. ഞാൻ അഡ്ജസ്റ്റു ചെയ്തു. ചൂടു നോക്കാൻ വെള്ളം തൊട്ടു നോക്കി അപ്പോൾ, അതിന് തൊലി പൊളിയുന്ന ചൂടായിരുന്നു. തണുപ്പു വെള്ളത്തിന് ടാപ്പു തുറന്നപ്പോൾ, ടാങ്കി കാലി ആണെന്നു മനസ്സിൽ ആയി. വളരെ പതുക്കെ, ശ്രദ്ധിച്ച് കുറേശ്ശെ വെള്ളം കയ്യിലെടുത്തു തണുപ്പിച്ച് ഞാൻ കുളിച്ചു. പുറത്ത് മഹാത്മാക്കൾ (ദാദായുടെ ജ്ഞാനവിധി കൈകൊണ്ടിട്ടുള്ളവരെ മഹാത്മാ എന്നാണ് വിളിക്കുന്നത്) പറയുന്നത് കേൾക്കാം ആയിരുന്നു, "ഇന്ന് ദാദാ കുളിക്കാൻ വളരെ സമയം എടുക്കുന്നു." ഞാൻ എന്തു ചെയ്യും? വെള്ളം തണുക്കും വരെ എനിക്ക് കാത്ത് ഇരിക്കേണ്ടി വന്നു. ഞാൻ ആർക്കും അസൗകര്യം ഉണ്ടാക്കില്ല. ഞാൻ അഡ്ജസ്റ്റ് ചെയ്യുന്നു. അഡ്ജസ്റ്റ് ചെയ്യുക എന്നതാണ് മതം. ഈ ലോകത്തിൽ, കാര്യങ്ങൾ സംതുലന അവസ്ഥയിൽ എത്താൻ, നമുക്ക് കൂട്ടിയും കുറച്ചും അഡ്ജസ്റ്റ് ചെയ്യേണ്ടി വരും. മൈനസ് ഉള്ളിടത്ത് ഞാൻ പ്ലസ് ചെയ്യും. പ്ലസ് ഉള്ളിടത്ത് മൈനസ് ചെയ്യും. എന്റെ വാക്കുകൾ അർത്ഥം ഉള്ളതായി തോന്നുന്നില്ല എന്ന് ഒരാൾ പറഞ്ഞാൽ, ഞാൻ പറയും അയാൾ പറയുന്നത് ശരിയാണ് എന്ന്. ഞാൻ വളരെ പെട്ടന്ന് എന്റെ അഡ്ജസ്റ്റ്മെന്റ് നടത്തുന്നു.

അഡ്ജസ്റ്റ് ചെയ്യാൻ അറിയില്ല എങ്കില്, നിങ്ങളെ എങ്ങനെ ഒരു മനുഷ്യൻ എന്നു വിളിക്കാൻ ആവും? സാഹചര്യങ്ങളോട് ഇണങ്ങി പോകാൻ കഴിയുന്നവർക്ക്, വീട്ടിൽ ഒരു സംഘർഷവും ഉണ്ടാവില്ല. ഞാൻ ഹീരാബയോട് അഡ്ജസ്റ്റ് ചെയ്യാർ ഉണ്ട്. നിങ്ങളുടെ ഭാര്യയുടെ സൗഹൃദത്തിന്റെ നേട്ടം ആസ്വദിക്കണം എങ്കിൽ, നിങ്ങൾ അഡ്ജസ്റ്റ് ചെയ്യണം. ഇല്ലെങ്കിൽ നിങ്ങൾ ശത്രുത സൃഷ്ടിക്കും. ഓരോ ജീവ ജാലവും സ്വതന്ത്രം ആണ്. അവ ഒരോന്നും

സന്തോഷം അന്വേഷിച്ചു കൊണ്ട് ഇരിക്കുന്നു. അവൻ ഇവിടെ മറ്റുള്ളവർക്ക് സന്തോഷം നല്കാൻ അല്ല ആഗ്രഹിക്കുന്നത്. ലൗകിക സന്തോഷം തേടലിൽ, സന്തോഷത്തിന് പകരം അവന് ദുഃഖം നേരിടേണ്ടി വന്നാൽ, അവൻ ശത്രുത സൃഷ്ടിക്കും. അവന് തടസ്സം ആകുന്നത് ഭാര്യയോ, മക്കളോ, കുടുംബ അംഗങ്ങളോ ആര് ആയിരുന്നാലും അവൻ ശത്രുത സൃഷ്ടിക്കും.

**ചോദ്യകർത്താവ്:** സന്തോഷം അന്വേഷിച്ച് പകരം ദുഃഖമാണ് കണ്ടെത്തുന്നത് എങ്കില് അവന് ശത്രുത സൃഷ്ടിക്കുമോ?

**ദാദാശ്രീ:** ഉവ്വ്. അച്ഛന് ആയാലും, സഹോദരന് ആയാലും തടസ്സമായാല് അവന് അകത്ത് ശത്രുത സൃഷ്ടിക്കും. അങ്ങനെ ആണ് ലോകം. മോക്ഷ മാര്ഗ്ഗത്തില്, (***സ്വധര്മ്മം - ആത്മധര്മ്മം***) ഒരാള് ആരോടും ശത്രുത സൃഷ്ടിക്കാന് പാടില്ല.

ജനങ്ങളുടെ ജീവിതം ചില തത്വങ്ങളാൽ നയിക്ക പെടുന്നത് ആവണം. സാഹചര്യത്തിന് അനുസരിച്ച് ഒരാൾ പ്രവർത്തിക്കണം. സാഹചര്യത്തിന് അനുസരിച്ച് അഡ്ജസ്റ്റ് ചെയ്യുന്ന ആളെ അഭിനന്ദിക്കേണ്ടത് ആണ്, ബഹുമാനിക്കേണ്ടത് ആണ്. എല്ലാ സാഹചര്യത്തിലും അഡ്ജസ്റ്റ് ചെയ്യാൻ അറിയുന്ന ആൾക്ക് മോക്ഷം സമീപത്ത് ആണ്. ഇത് മഹത്തായ ആയുധം ആണ്.

ഈ ദാദാ, ഒരേ സമയം പിശുക്കനും, മിത വ്യയക്കാരനും, ഉദാരനും തികച്ചും അഡ്ജസ്റ്റു ചെയ്യുന്നവനും ആണ്. മറ്റുള്ളവരുടെ കാര്യത്തില് ഉദാരന്. സ്വന്തം കാര്യത്തില് പിശുക്കന്. സംസാരിക്കേണ്ടി വരുമ്പോള് മിത വ്യയക്കാരന്. ഞാന് ചെലവു ചുരുക്കലും നടത്തുന്നുണ്ട് എന്ന് ആളുകള്ക്ക് അറിയാം. എന്റെ സാമ്പത്തിക സ്ഥിതി അഡ്ജസ്റ്റ് ചെയ്തു പോകാവുന്നതും മികച്ചതും ആണ്. വെള്ളം ഉപയോഗിക്കുമ്പോള് പോലും ഞാന് മിത വ്യയം പാലിക്കുന്നു. ഞാന് സ്വാഭാവികവും നൈസര്ഗ്ഗികവും ആയ രീതിയില് ഉള്ളവന് ആണ്.

# (25) ലോകത്തിലെ പ്രശ്നങ്ങള് നിയന്ത്രണമേര്പ്പെടുത്തുന്നു

ആദ്യം നാം ലൗകികവ്യവഹാരങ്ങളുടെ കല പഠിച്ചിരിക്കണം. ഇതു മനസ്സിലാവാത്തതുകൊണ്ടാണ് ആളുകള് കഷ്ടപ്പെടുന്നത്.

**ചോദ്യകർത്താവ്:** ആത്മീയ കാര്യങ്ങളില് അങ്ങയുടെ ശാസ്ത്രത്തെ വെല്ലുന്ന മറ്റൊന്നില്ല. അതേ പോലെ, ലൗകിക വ്യവഹാരങ്ങളെ കുറിച്ചുള്ള ഈ പാഠങ്ങള് പോലും പ്രായോഗികവും അങ്ങേയറ്റം ഉപയോഗ പ്രദവും ആണ്.

**ദാദാശ്രീ:** ലൗകിക വ്യവഹാരങ്ങളുടെ കല മനസ്സിലാവാതെ ആര്ക്കും മോക്ഷം സാധ്യമല്ല. ആത്മാവിനെ കുറിച്ച് എത്ര തന്നെ അറിഞ്ഞാലും, അതുകൊണ്ട് മാത്രം ആയാല് ഗുണമില്ല. കാരണം ഈ ലോകം നിങ്ങളെ പോകാന് അനുവദിക്കണം. ഈ ലോകം നിങ്ങളെ സ്വതന്ത്രം ആക്കുന്നില്ലെങ്കില്, നിങ്ങള് എന്തു ചെയ്യും? നിങ്ങള് ഒരു ശുദ്ധമായ ആത്മാവാണ്, ഈ ലോകം നിങ്ങളെ വെറുതെ വിടുക ആണെങ്കില് മാത്രം! നിങ്ങള് ലോകവുമായി കെട്ടു പിണഞ്ഞു കിടക്കുക ആണ്. എത്രയും വേഗം, എന്തുകൊണ്ട് നിങ്ങള് ഇതില് നിന്നും മുക്തന് ആകാന് ശ്രമിക്കുന്നില്ല?

നിങ്ങള് ഒരാളെ ഐസ്ക്രീം വാങ്ങാന് പറഞ്ഞ് അയക്കുന്നു. അയാള് ഒഴിഞ്ഞ കൈയുമായി തിരിച്ചു വരുന്നു. എന്തുകൊണ്ടാണ് എന്ന ചോദ്യത്തിന്, അയാള് പറയുന്നു, 'കടയിലേക്കുള്ള പാതി വഴിയില്വെച്ച് അയാള് ഒരു കഴുതയെ കണ്ടു' എന്ന്. അത് ഒരു ദുഃശ്ശകുനം ആണെന്ന് അയാള് വിശ്വസിക്കുന്നു. അതുകൊണ്ട് അയാള് തിരിച്ചുപോന്നു. അത്തരം തെറ്റായ വിശ്വാസങ്ങളും അന്ധ വിശ്വാസങ്ങളും നീക്ക പെടേണ്ടതാണ്. ആ കഴുതക്ക് അകത്തും ദൈവം വസിക്കുന്നുണ്ട് എന്ന് അയാള് അറിയേണ്ടതാണ്. അയാളുടെ ദൗര് ഭാഗ്യത്തെ കുറിച്ചുള്ള ആശയവും വിശ്വാസവും വിഡ്ഢിത്തമാണ്. അയാള്ക്ക് കഴുതയോടുള്ള വെറുപ്പ്, കഴുതക്ക് അകത്തുള്ള ദൈവത്തില് എത്തിച്ചേരും. അയാള് പാപം

ചെയ്യുകയാണ്. അങ്ങനെ ഇനി സംഭവിക്കരുതെന്ന് നിങ്ങള്ക്ക് അയാളെ ബോധ്യപ്പെടുത്താം. ഇങ്ങനെ ആണ് ലോകത്തില് അജ്ഞത നിലനിന്നു പോരുന്നത്. ആളുകള് തെറ്റായി അഡ്ജസ്റ്റ് ചെയ്യുന്നതും ഈ രീതിയിലാണ്.

## (26) ശരിയായ വിശ്വാസമുള്ള ആള് അഡ്ജസ്റ്റ് ചെയ്യുന്നു

ശരിയായ അറിവിന്റെ അടയാളം എന്താണ്? വീട്ടില് എല്ലാവരും തെറ്റായി അഡ്ജസ്റ്റ് ചെയ്യുമ്പോള്, ശരിയായ അറിവുള്ള ആള് അഡ്ജസ്റ്റ് ചെയ്യുന്നു. എല്ലാ സാഹചര്യങ്ങളിലും അഡ്ജസ്റ്റ് ചെയ്യാനുള്ള കഴിവാണ് ശരിയായ അറിവ്. ലൗകിക വ്യവഹാരങ്ങളെ കുറിച്ചുള്ള അന്തിമവും സൂക്ഷ്മവുമായ കണ്ടുപിടിത്തങ്ങള് നടത്തിയിട്ടാണ് ഞാന് ഈ കാര്യങ്ങളെല്ലാം നിങ്ങളോട് പറയുന്നത്. ഈ ലോകത്തില് എങ്ങനെ ജീവിക്കണം എന്നും എങ്ങനെ മോക്ഷം നേടാം എന്നും ഞാന് കാണിച്ചു തരികയാണ്. നിങ്ങളുടെ പ്രശ്നങ്ങളും തടസ്സങ്ങളും കുറയ്ക്കുക എന്നതാണ് എന്റെ ലക്ഷ്യം.

നിങ്ങള് പറയുന്നത് എല്ലാം മറ്റെ ആള്ക്ക് സ്വീകാര്യം ആയിരിക്കണം. നിങ്ങള് പറയുന്നത് അയാള്ക്ക് സമ്മതം അല്ലെങ്കില്, അത് നിങ്ങളുടെ തെറ്റാണ്. നിങ്ങളുടെ തെറ്റു തിരുത്തിയാലേ നിങ്ങള്ക്ക് അഡ്ജസ്റ്റ് ചെയ്യാന് കഴിയൂ. എങ്ങും അഡ്ജസ്റ്റ് ചെയ്യുക എന്നതാണ് മഹാവീര ഭഗവാന്റെ സന്ദേശം.

**ചോദ്യകര്ത്താവ്:** ദാദാ, അങ്ങു നല്കിയ "എങ്ങും അഡ്ജസ്റ്റ് ചെയ്യുക – Adjust Everywhere" എന്ന സന്ദേശം, പ്രശ്നം എത്ര തീവ്രമായാലും, വ്യക്തി ഏതു തരക്കാരനായാലും, എല്ലാ പ്രശ്നങ്ങളും പരിഹരിക്കാന് സഹായിക്കുന്നു.

**ദാദാശ്രീ:** എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടും. എന്റെ ഓരോ വാക്കും നിങ്ങളുടെ പ്രശ്നങ്ങള് പരിഹരിച്ച് നിങ്ങളെ മുക്തരാക്കും. എങ്ങും അഡ്ജസ്റ്റ് ചെയ്യുക.

**ചോദ്യകർത്താവ്:** ഇതുവരെ, ഞങ്ങള്ക്ക് ഇഷ്ടപ്പെട്ട സാഹചര്യങ്ങളോടും, ഇഷ്ടപ്പെടുന്ന വ്യക്തികളോടും മാത്രമെ ഞങ്ങള് അഡ്ജസ്റ്റ് ചെയ്തിരുന്നുള്ളൂ. ഞങ്ങള്ക്ക് ഇഷ്ട പ്പെടാത്ത സാഹചര്യങ്ങളോടും ആളുകളോടും അഡ്ജസ്റ്റ് ചെയ്യണം എന്ന് അങ്ങ് പറയുന്നു.

**ദാദാശ്രീ:** നിങ്ങള് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, എങ്ങും അഡ്ജസ്റ്റ് ചെയ്യുക

## (27) ദാദായുടെ അത്ഭുതകരമായ ശാസ്ത്രം

**ചോദ്യകർത്താവ്:** ഈ അഡ്ജസ്റ്റ്മെന്റിന്റെ ഉദ്ദേശ്യമെന്താണ്? എത്ര അളവു വരെ ഞങ്ങള് അഡ്ജസ്റ്റ് ചെയ്യണം?

**ദാദാശ്രീ:** ഉദ്ദേശ്യം സമാധാനം ആണ്, ലക്ഷ്യവും സമാധാനം ആണ്. അസന്തോഷം നീക്കാൻ ഉള്ള താക്കോൽ ആണ് ഇത്. ഇത് ദാദായുടെ അഡ്ജസ്റ്റ്മെന്റിന്റെ ശാസ്ത്രം ആണ്. ഈ അഡ്ജസ്റ്റമെന്റ് ശ്രദ്ധേയം ആണ്. തെറ്റായി അഡ്ജസ്റ്റ് ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാം. തെറ്റായി അഡ്ജസ്റ്റ് ചെയ്യുന്നത് വിഡ്ഢിത്തം ആണ്. അഡ്ജസ്റ്റമെന്റ് ആണ് ന്യായം. ഏതൊരു ശാഠ്യവും (സ്വന്തം കാഴ്ചപ്പാടിൽ ഉറച്ചു നിൽക്കൽ) ന്യായം അല്ല. ഒരു കാര്യത്തിലും, ഞാൻ എന്റെ കാഴ്ചപ്പാട് അടിച്ച് ഏല്പിക്കാൻ ശ്രമിക്കുന്നില്ല. ജീവിതത്തിൽ, പെട്ടെന്ന് പ്രശ്നം അവസാനിക്കുന്ന ഒരു സമീപനം നിങ്ങൾ സ്വീകരിക്കണം. 'ഞങ്ങൾ ' പച്ച പയറുകൾ അവർ തരുന്ന ഏതു തരം വെള്ളത്തിലും വേവിക്കും. 'ഞങ്ങൾ '

ചാലിൽ നിന്ന് ഉള്ള വെള്ളം പോലും വേണ്ടി വന്നാൽ ഉപയോഗിക്കും

എന്നോട് ആരും ഒരിക്കലും തെറ്റായി അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ഇവിടെ, ഒരു വീട്ടിലെ ആകെ ഉള്ള നാലു പേർക്കു പോലും പരസ്പരം അഡ്ജസ്റ്റ് ചെയ്യാൻ കഴിയുന്നില്ല. എങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എന്ന് നിങ്ങൾ പഠിക്കുമോ? അഡ്ജസ്റ്റ് ചെയ്യാൻ കഴിയില്ലേ? നിങ്ങൾ നിരീക്ഷിക്കുന്നതിൽ നിന്നെല്ലാം നിങ്ങൾക്ക് പഠിക്കാം. നിങ്ങൾ നിരീക്ഷിക്കുന്നതിൽ നിന്നും നിങ്ങൾക്കു പഠിക്കാം എന്ന് ഉള്ളതാണ് ഈ ലോകത്തിലെ നിയമം. ആരും അത് നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. ഇതിൽ ഏതെങ്കിലും ഭാഗം പഠിക്കാൻ ബുദ്ധിമുട്ട് ഉള്ളതാണോ? ഒരു പക്ഷെ ഞാൻ സംസാരിക്കുന്ന ഭാഗം നിങ്ങൾക്ക് മനസ്സിൽ ആയില്ല എന്നു വരാം. പക്ഷെ, നിങ്ങൾ എന്റെ പെരുമാറ്റം നിരീക്ഷിക്കുക ആണെങ്കിൽ, നിങ്ങൾക്ക് എളുപ്പം പഠിക്കാം.

നിങ്ങൾ ഇവിടെ ഇരുന്ന് ആത്മ ജ്ഞാനത്തെ കുറിച്ച് ഉള്ള വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കാൻ ശ്രമിക്കുക ആണ്. എന്നാൽ നിങ്ങളുടെ സ്വന്തം വീട്ടിൽ നിങ്ങൾക്ക് അഡ്ജസ്റ്റ് ചെയ്യാൻ അറിയില്ല. ബാക്കി എല്ലാം പോകട്ടെ. ആദ്യം ഇത് പഠിക്കു. വീട്ടിൽ എങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എന്ന ഒന്നാമത്തെ കാര്യം നിങ്ങൾക്ക് അറിയില്ല. ഇതാണ് ലോകത്തിന്റെ സവിശേഷത!

നിങ്ങൾക്ക് ഈ ലോകത്തിൽ വളരെ കുറച്ച് മാത്രമെ അറിയൂ എങ്കിലും അത് വലിയ കാര്യമല്ല. നിങ്ങളുടെ പ്രവർത്തന മേഖലയിലും നിങ്ങൾക്ക് വളരെ കുറച്ചേ അറിയൂ എന്നും വന്നേക്കാം. അതും പ്രശ്നമല്ല. എന്നാൽ എങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എന്ന് അറിയേണ്ടത് വളരെ അത്യാവശ്യം ആണ്. നിങ്ങൾ ഇത് പഠിച്ചിരിക്കണം, അല്ലെങ്കിൽ നിങ്ങൾ കഷ്ടപ്പെടും. ഈ സന്ദേശം പരമാവധി ഉപയോഗ പെടുത്തുക.

**ജയ് സത് ചിദാനന്ദ്**

# നമസ്കാർ വിധി

1. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിൽ സഞ്ചരിച്ച കൊണ്ടിരിക്കുന്ന തീർത്ഥങ്കര ഭഗവാൻ ശ്രീ സിമന്ദർ സ്വാമിയെ അത്യധികം ഭക്തിയോടെ ഞാൻ നമസ്കരിക്കുന്നു. (40)
2. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ച കൊണ്ടിരിക്കുന്ന ഓം പരമേഷ്ഠി ഭഗവന്തുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
3. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ച കൊണ്ടിരിക്കുന്ന പഞ്ച പരമേഷ്ഠി ഭഗവന്തുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
4. പ്രത്യക്ഷ ദാദാ ഭഗവാൻ സാക്ഷിയായി ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിലും അന്യ ക്ഷേത്രങ്ങളിലും സഞ്ചരിച്ച കൊണ്ടിരിക്കുന്ന തീർത്ഥങ്കര സാഹിബുകളെ ഞാൻ ഭക്തിയോടെ നമസ്കരിക്കുന്നു. (5)
5. വീതരാഗ് ശാസൻ ദേവി ദേവതമാരെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
6. നിഷ്പക്ഷപാതി ശാസൻ ദേവി ദേവതമാരെ ഞാൻ അത്യന്തം ഭക്തി പൂർവ്വം നമസ്കരിക്കുന്നു. (5)
7. 24 തീർത്ഥങ്കര ഭഗവാൻമാരെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
8. ശ്രീകൃഷ്ണ ഭഗവാനെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
9. ഭരത ക്ഷേത്രത്തിൽ ഇപ്പോൾ സഞ്ചരിച്ച കൊണ്ടിരിക്കുന്ന ശ്രീ ദാദാ ഭഗവാനെ ഞാൻ ഇളക്കമില്ലാത്ത ഭക്തിയോടെ നമസ്തരിക്കുന്നു. (5)
10. ദാദാ ഭഗവാന്റെ ജ്ഞാനികളായ മഹാത്മാക്കളെയെല്ലാം ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
11. പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളുടേയും അകത്തു വസിക്കുന്ന യഥാർത്ഥ സ്വരൂപത്തെ ഞാൻ അത്യന്തം ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (5)
12. യഥാർത്ഥ സ്വരൂപമാണ് ഭഗവത് സ്വരൂപം. അതുകൊണ്ട് ലോകത്തെ മുഴുവനും ഭഗവത് സ്വരൂപമായി ഞാൻ ദർശിക്കുന്നു. (5)
13. യഥാർത്ഥ സ്വരൂപമാണ് ശുദ്ധാത്മ സ്വരൂപം. അതുകൊണ്ട് ലോകത്തെ മുഴുവനും ശുദ്ധാത്മാ സ്വരൂപമായി ഞാൻ ദർശിക്കുന്നു. (5)
14. യഥാർത്ഥ സ്വരൂപമാണ് തത്വ സ്വരൂപം, അതുകൊണ്ട് ലോകത്തെ മുഴുവനും തത്വ ജ്ഞാന രൂപത്തിൽ ഞാൻ ദർശിക്കുന്നു. (5)

# Books of Dada Bhagwan Foundation

| | |
|---|---|
| 1.Adjust Everywhere<br>2.Ahimsa : Non-Violence<br>3.Anger<br>4.Aptavani-1<br>5.Aptavani-2<br>6.Aptavani-4<br>7.Aptavani-5<br>8.Aptavani-6<br>9.Aptavani-8<br>10.Aptavani-9<br>11.Autobiography of Gnani Purush A.M Patel<br>12.Avoid Clashes<br>13.Brahmacharya<br>14.Death : Before, During & After<br>15.Flawless Vision<br>16.Generation Gap<br>17.Harmony in Marriage<br>18.Life Without Conflict<br>19.Money<br>20.Noble Use of Money | 21.Pratikraman<br>22.Pure Love<br>23.Right Understanding to Help Others<br>24.Science of Karma<br>25.Science of Speech<br>26.Shree Simandhar Swami : The Living God<br>27.The Essence Of All Religion<br>28.The Fault Is Of The Sufferer<br>29.The Guru and The Disciple<br>30.The Hidden Meaning Of Truth & Untruth<br>31.The Practice Of Humanity<br>32.Trimantra : The mantra that removes all the worldly obstacles<br>33.Whatever Happened is Justice<br>34. Who Am I ?<br>35.Worries |

- Dada Bhagwan books are availables in different languages: Gujarati, Hindi, English, Marathi, Telegu, Kanada, Oriya, Malayali, Bengali, Punjabi, Assamese, Tamil, German, Spanish, Russian etc
- 'Dadavani' Magazine is published every month in three Languages: Gujarati, Hindi, and English.

**www.dadabhagwan.org**

# Dada Bhagwan Parivar


**Adalaj:** Trimandir, Simandhar City, Ahmedabad-Kalol Highway, Po/Adalaj, Dist.: Gandhinagar-382421, Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



## എങ്ങും ഇണങ്ങിപ്പോകുക

ജീവിതത്തിൽ മറ്റൊന്നും ഇല്ലെങ്കിലും കുഴപ്പമില്ല, എന്നാൽ എല്ലാവരുമായും ഇണങ്ങിപ്പോകാൻ അറിഞ്ഞിരിക്കണം. മുന്നിലുള്ള ആൾ ഇണക്കമില്ലാതെ പെരുമാറിക്കൊണ്ടേ ഇരുന്നേക്കാം. എന്നാൽ നിങ്ങൾ ഇണങ്ങിപ്പോകണം. അപ്പോൾ ഒരു തരത്തിലും ഉള്ള ദുഃഖം ഉണ്ടാവുകയില്ല. അതുകൊണ്ട് "എങ്ങും ഇണങ്ങിപ്പോകുക!" എല്ലാവരുമായും ഇണങ്ങിപ്പോകുക എന്നത് ഏറ്റവും വലിയ മതമാണ്. ഈ കാലഘട്ടത്തിൽ വിവിധ പ്രകൃതികളോടുകൂടിയ മനുഷ്യരാണ്. അപ്പോൾ ഇണങ്ങിപ്പോകാതിരുന്നാൽ എങ്ങനെ കാര്യങ്ങൾ നടക്കും?

ഞാൻ ഈ ലോകത്തെ വളരെ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ട്. അവസാന പരിശോധനയും കഴിഞ്ഞിട്ടാണ് ഞാൻ ഈ കാര്യങ്ങളെല്ലാം പറയുന്നത്. ലോകത്തിൽ എങ്ങനെ ജീവിക്കണം എന്നും പറഞ്ഞു തരുന്നു, അതുപോലെ മോക്ഷത്തിലേക്ക് എങ്ങനെ പോകാം എന്നും പറഞ്ഞു തരുന്നു. നിങ്ങളുടെ തടസ്സങ്ങൾ പരമാവധി കുറക്കാനാണ് ഞാൻ ഇത് പറയുന്നത്.

ദാദാശ്രീ

मूल दीपक से प्रकट दीपमाला

ISBN 978-93-90664-63-4

9 789390 664634

Printed in India

Price ₹20

dadabhagwan.org